# കളരി

പത്രാധിപർ:
എ. വി. എസ്സ്. പണിക്കർ.

പുസ്തകം 1 | 1954 ജൂൺ | ലക്കം 1

## ഈശ്വരപ്രാർത്ഥന.

(മഹാകവി വള്ളത്തോൾ)

---

(1)

കടൽക്കാററാൽ പാറും തരിമണലുമക്ഷോഭ്യഗിരിയും
നടക്കാവും കാടും തരിശുനിലവും നെല്ലുവയലും
വടക്കും തെക്കും വേർതിരിവൊടറിയാത്തൊരഗതി ഞാൻ
വടക്കിൻനാഥൻ മേ വരമരുളണം കാഴ്ചതെളിയാൻ.

(2)

മടക്കംകൂടാതെ വിഷയസുഖ സൌധത്തിലണയാൻ
നടക്കുന്നുണ്ടാവാം കെടുവഴിയിലെൻ മൂഢഹൃദയം
കിടക്കട്ടേ പാപം പല; — തതു പൊറുത്താർദ്രകൃപനായ്
വടക്കിൻനാഥൻ മേ വരമരുളണം ശാന്തിതരുവാൻ.

(3)

അടക്കംശീലിക്കും മുനിമതിയിലും; ചത്തവരെയി-
ട്ടടക്കും കാന്താരത്തിലുമരിയവിണ്ണിൻതെരുവിലും
നടക്കും കൂത്താട്ടം, സമരസീമാടപ്രതിമനാം
വടക്കിൻനാഥൻ മേ വരമരുളണം ദ്വൈതമൊഴിയാൻ.

---

# പത്രാധിപക്കുറിപ്പ്.

ഒരു പത്രാധിപരുടെ കത്ത്വ്യമെന്ന നിലയിൽ "കളരി"യെ ബഹുജനസമക്ഷം പരിചയപ്പെടുത്തേണ്ട കടമ എനിക്കുള്ളതാണല്ലൊ. സാംസ്കാരികവും, ശാസ്ത്രീയവും, സാഹിത്യപരവുമായ ലേഖനങ്ങളുടെ ഒരു സമാഹാരമായ ഈ പ്രതിമാസപത്രിക കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തിൻെറ മുഖപത്രമായി നിലകൊള്ളുന്നു. അവശനിലയിൽ അധഃപതിച്ച ചെറുകിട സമുദായങ്ങളെ സമുദ്ധരിക്കുക. സാഹിത്യാഭിരുചിയുള്ള സഹൃദയന്മാരെ യഥാശക്തി പ്രോത്സാഹനംകൊടുത്തു വളത്തുക, നാനാവിധ ശാസ്ത്രങ്ങളിലുള്ള സംശയങ്ങളെ പണ്ഡിതരും ചിന്തകരുമായ ശാസ്ത്രജ്ഞരുടെ വിമശനത്തിന്നു വിധേയമാക്കി പൊതുജന സംസ്കാരത്തെ വദ്ധിപ്പിക്കുക എന്നു തുടങ്ങിയവയാണ് കളരിയുടെ ലക്ഷ്യം. അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രചരിപ്പിക്കേണമെന്നുദ്ദേശിക്കുന്നതുകൊണ്ടു് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ നാലു് ഭാഷകൾ ഉൾക്കൊള്ളിച്ചാണ് ഇതു് പ്രസിദ്ധീകരിക്കുന്നതു്.

ഈ നാലു് ഭാഷകളിൽ ഉൾപ്പെടുന്ന സാഹിത്യം, ശാസ്ത്രം എന്നീ വിഷയങ്ങളെ പരാമശിച്ചു് എഴുതുവാനാശിക്കുന്നവക്ക് ഇതൊരു സുവണ്ണാവസരമായിരിക്കും. എല്ലാവിധ ലേഖകന്മാരേയും ഇതിന്നായി ക്ഷണിച്ചുകൊള്ളുന്നു.

വിശിഷ്യ ഞങ്ങളുടെ ഉദ്യമങ്ങളെ സഫലീകരിക്കുവാനായി സദയം ലേഖനങ്ങൾ അയച്ചുതന്നു് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ലേഖകന്മാരോടും അഡ്‌വട്ടയിസ്മെൻറുകൾ" തന്നു് സഹായിച്ച മാന്യസുഹൃത്തുക്കളോടും വളരെ വൃത്തിയായിമുദ്രണംചെയ്തുതന്ന എഫ്. ജോജ്ജ് പ്രിൻറിംഗ് വർക്സ്കാരോടുമുള്ള അകൈതവമായ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊണ്ടു് "കളരി" എന്ന ഈ പ്രതിമാസപത്രികയെ പൊതുജനസമക്ഷം പ്രകാശിപ്പിച്ചുകൊള്ളുന്നു.

---

N. B. ലേഖകന്മാരോടു്.

"കളരി"യിലേക്ക് അയച്ചിട്ടുള്ള ലേഖനങ്ങൾ മുഴുവനും ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കുവാൻ കഴിയാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു. അടുത്ത ലക്കങ്ങളിൽകൂടി അവ പ്രസിദ്ധീകരിക്കുന്നതുമാണ്.

എഡിററർ.

---

ക്കേണ്ടതു്. വിചാരങ്ങളുടെ പരിധിയെ അതിലംഘിച്ചു് വത്തിക്കുന്ന ആ പരാശക്തിയെ ശിവാദിരൂപങ്ങളിൽ സങ്കൽപിക്കുന്നതുപോലെ ഇന്ദ്രിയാതീതമായ ത്രിദോഷത്തെ മൂത്തങ്ങളായ പഞ്ചഭൂതങ്ങളിൽ ആരോപിക്കുകയാണ് ചെയ്തിട്ടുള്ളതു്.

"വായ്വാകാശാഭ്യാം വായുരാഗ്നേയം പിത്തം, അംഭപൃഥിവീഭ്യാം ശ്ലേഷ്മാ" എന്ന സംഗ്രഹവാക്യവും "പിത്തംപംഗു, കഫഃപംഗുഃ, തത്രഗച്ഛന്തിമേഘവത്" എന്ന ശാർങ്ഗധരവചനവും, വിഡ്ശ്ലേഷ്മ പിത്താദിമലാശയാനാം വിക്ഷേപസംഹാരകരഃസവായുഃ എന്നും മററുമുള്ള പ്രമാണങ്ങളും ശ്ലേഷ്മപിത്തങ്ങളെ സ്ഥൂലരൂപങ്ങളായ മലങ്ങളായി ഗണിക്കുകയും ചെയ്യുന്നു. പക്ഷെ.

"തത്രവായുഃ സദാസൂക്ഷ്മ ഇതരൌതുദയാത്മകൌ" എന്ന സിദ്ധാന്തനിദാനകത്താവിൻെറ അടുത്തു എത്തുമ്പോൾ നാം സംശയിക്കുകയും ചെയ്യുന്നു. ഏതായാലും ത്രിശങ്കുസ്വഗ്ഗംപോലെയായിത്തീന്ന ത്രിദോഷസിദ്ധാന്തം അഖണ്ഡനീയമായ ഒരു നിഗമനത്തിലെത്തിക്കേണ്ടതു നമ്മുടെ ചുമതലയായിത്തീന്നിരിക്കുന്നു.

(തുടരും)

# ദേവീസ്തവം.

(നടുവരമ്പത്ത് കൃഷ്ണക്കുറുപ്പ്)



1

മഹാമായേ ദേവീ ദുരിതവലയിൽപ്പെട്ടുവലയു-
ന്നഹോദാരിദ്ര്യൌഘപ്രശമനി;ദരിദ്ര്യാംബുധിയിതിൽ
പരംമുങ്ങിപ്പൊങ്ങിപ്പുനരപിലയിക്കുന്നയിശിവേ,
സഹിപ്പാൻ വയ്യമ്മേ; തരണമഭയംഗിരി സുതേ.

2

വിധാതാവോർക്കാതെൻശിരസിയെഴുതിക്കൂട്ടി;കഴ-വീ-
വിധത്തിൽ കഷ്ടംമേവരുവതിനഹോ; ഹന്തനിയതം
വിധുക്കീറേന്തും നിൻചലിതകരവാളാലതു പരം
ക്രുധാമാച്ചീടേണംതവതനയനല്ലോ ജനനി ഞാൻ?

3

ശിവ;ൻധാതാ, ശക്രാദ്യഖിലരുമുമേ, നിൻപദയുഗ-
പ്രവാളത്തെത്തന്നെക്കരുതി കലിതാനന്ദമെഴുവാൻ
ഭവാംഭോരാശിയ്ക്കുള്ളൊരു മറുകരയെത്തുവതിനും,
ശിവേ നിൻതൃപ്പാദത്തരണിയതുവിട്ടെന്തു ഭജതം?

4

അരിക്കൂട്ടം കോട്ടംവരുവതിനുറപ്പിച്ചു പരം;മ-
ങ്കരിച്ചോരക്ഷാന്തിക്ഷതഹൃദയരായ് ദോഷമധികം
വരുത്താനായ്ച്ചെയ്യുംക്രിയസകലവുംനിൻറെകരവാ-
ളെരിച്ചീടട്ടമ്മേ, സകല ജനനാദ്യേ ഭഗവതി!

5

പിരിഞ്ഞീടാതെന്നെത്തരമൊട്ടുചതിക്കാൻവഴിനിന-
ച്ചിരുന്നീടും വൈരിപ്രവരരവർ രാഗാദികളഹോ.
പരുങ്ങിക്കൊണ്ടെന്നുംഹൃദയകപിയെച്ചീത്തവഴിയിൽ
തരംനോക്കിച്ചാടിപ്പതിനു തുനിയുന്നമ്മ ശരണം!

6

കറുത്തേററംനീണ്ടിട്ടടിയിണവരേ തൂങ്ങിവിലസും
ഘനാശ്യാമംകാമപ്രദമയി ശിവേ നിൻ കചഭരം;
നിനയ്ക്കുന്നോർക്കെല്ലാ ദുരിതമകലത്താക്കവതു ക-
ണ്ണിണാക്കി; ന്നെന്നമ്മേ ചെറുതിവനുകാണ്മാനിടവരും

7

ശരച്ചന്ദ്രക്കീറിൻമദമകലെയാക്കുന്നൊരളികാ-
ന്തരത്തിൽ സിന്ദൂരച്ചെറുതിലകവും, നല്ലളിഗണം
വെറുപ്പേററം ലജ്ജിപ്പിപ്പൊരു കുറുനിരക്കൂട്ടവുമെനി-
ക്കൊരിക്കൽകാണാനായ് വരമരുളണം ദേവിസതതം

8

തിരക്കും കാമൻതന്നുടയൊരുധനുസ്സിന്നുമകമേ
തിരക്കുണ്ടാക്കീടും പുരികയുഗളം മംഗളകരം!
കറക്കണ്ഠൻജായേ ഭവതിയുടെ തൃക്കൺനളിനവും
സ്മരിക്കുന്നോർക്കുണ്ടോ ദുരിതലവലേശം ഗിരിസുതേ?

—

(എഴുതിവരുന്ന ദേവീസ്തവത്തിൽനിന്നു)

# മംഗളാശംസകൾ!

നിങ്ങളുടെ സദുദ്യമത്തിന്നു സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

ശൂരനാട്ടു് കുഞ്ഞൻപിള്ള M. A. (ഒപ്പ്)
യൂണിവേർസിററി of ട്രാവൻകൂർ.

* * * *

ലോകോപകാരപരരാം വിബുധോ
ത്തമന്മാ-
രേകുന്ന ലേഖന ഗണങ്ങളിണങ്ങി
മേന്മേൽ;
സാകൂതമി "കളരി" കേളിവളൎന്നു
വാഴാൻ
ശ്രീകാന്തനമ്പിനൊടനുഗ്രഹമേ
കിടട്ടെ!

കെ. എൻ. കുഞ്ചുണ്ണിപ്പണിക്കർ.

* * * *

വേദാദ്യാഗമ സാരസംഹിതകളെ
പണ്ടെ പഠിച്ചുന്നത
സ്ഥാനം സാധുതരം വഹിച്ചു വിജയം
സാധിച്ചസത്ത്വുത്തരെ!
വിദ്വാന്മാർ വിഹരിക്കുമി "കളരി"യെ
തത്വപ്രബോധോദയ-
ജ്ഞാനംകൊണ്ടുവിഭാജ്യ സൌഹൃദരസം
പാലിച്ചു ലാളിക്കുവിൻ.

വൈദ്യരത്നം പി. സി. ഗോവിന്ദൻ നായർ
(വൈദ്യർ വല്ലപ്പുഴ)

* * * *

പ്രഭാപൂരവാരാശി നാഥൊ ദിനേശൊ
കലാപൂൎണ്ണ ചന്ദ്രോ മഹീസൂനുസൌമ്യൌ
ഗുരുഃകാവ്യമന്ദോരഗാ: കേതുരേതെ
സദാപാന്തു സൎവ്വാൎത്ഥസിദ്ധിംഭജന്തരെ:

By പുന്നൂർ, പത്മനാഭൻ പണിക്കർ.

* * * *

കലകൾക്കെല്ലാം നവ്യ
കേളീകൌതുകം ചേൎക്കും
"കളരി"യുണ്ടാകട്ടേ
ശാശ്വത പുണ്യശ്ലോകം!

തൃശ്ശൂർ,
20—5—1954. കെ. കെ. രാജാ.

* * * *

(അന്നനട)

പഴമതൻ പല മഹിമകളേയും
പിഴകൾപററാത്ത പുതുമകളേയും
സമാദരിച്ചിതാ സമാരംഭിക്കുന്ന
സുമാനുഷരൊരു 'കളരി' പുത്തനായ്

[പൌരാണികർ പണ്ടെ പലതും ശീലിച്ചോർ
വിണ്ടൽഗ്രഹസ്ഥിതിഗതികളും കാണ്മാൻ
വരുംഫലങ്ങളെവിരമൊട്ടു ചൊല്ലി
നരനു നല്ലവോർ കരളിനാശ്വാസം
അരിയ ദൈവജ്ഞർ നവഗ്രഹങ്ങൾക്ക-
ന്നനുഗ്രഹങ്ങളാലശേഷം സാധിപ്പോർ
പണിക്കന്മാരിവരിണങ്ങിച്ചേൎന്നുള്ള
പരിശ്രമമുണ്ടോ ഫലിക്കാതെ പാരിൽ]

പലപല വഴി പുരോഗമിച്ചിടും
നലമേറുമായ്യേ! വിമലസാഹിതി!
ഭവതിയ്ക്കു ഭാഗ്യം നടനംചെയ്യുവാൻ
ഭുവനമോഹന'ക്കളരി'യൊന്നിതാ
വിരചിച്ചുനില്ക്കുമിവരിൽ നിൻകൃപാ
ഭരമെന്നെന്നുമേ ചൊരിയണേ! ദേവി!

വിയ്യൂർ,
4—10—1129 വെള്ളായ്ക്കൽ ഗോവിന്ദമേനോൻ

* * * *


കളവാണി നീലജലദാളിവേണിയാ-
മളകേശമിത്രസഹധൎമ്മചാരിണി!
ലളിതാംഗി കാളിവിളയാടിടട്ടെയീ-
"കളരി"ക്കനീളെയളവിൽചരിക്കുവാൻ!

നല്ലൂര് ഗോപാലപ്പണിക്കർ
19—5—'54.

* * * *

# കളരി.

(ഗോപാലകൃഷ്ണൻ കോലഴി)




പടവാളായ് നീ നിന്റെ
തൂലിക കരുതിയീ
കളരിപ്പയററിന്നായ
ണയ്യൂ കലാകാരാ!
ചലനോത്സുകമാം നിൻ
തൂലികമാത്രം പോരും
ചലനം സൃഷ്ടിക്കുവാ
നീ മഹാപ്രപഞ്ചത്തിൽ!
കൈരളിയാകും കന്യ
വിളയാടുമിക്കൊച്ചു
കളരിക്കകത്തേക്കു
നീയൊന്നു കണ്ണോടിക്കൂ
എങ്ങുമപ്പുരോഗതി
നഗ്നതാണ്ഡവമാടും
മന്നിന്റെ സംസ്കാരത്തിൻ
കഥ നീ മറന്നാലോ?
ഓലപോയ് കടലാസായ്;
പേനയായെഴുത്താണി;
ഭാരതമാഹാവെറും
നോവലായ്മാറിപ്പോയി
വാളിന്റെ കാലം പോയി
പകരം തോക്കായ്നോക്കൂ
മാനവസംസ്കാരത്തിൻ
നഗ്നമാം പുരോഗതി
ബോംബുപോയാററംബോംബായ്
ക്ഷണനേരത്താൽ ലോകം
വെന്തുരുകുവാൻ വെമ്പും
മർത്ത്യന്റെധൈര്യംകണ്ടോ?
കേരളം വളരുന്നു
ശരി—യപ്പൌരാണിക-
ജീവിതശിരസ്സിലാ
ണോരോരോ കാൽവെപ്പും ഹാ!

പൊന്തിയ ശിരസ്സുമായ്
നില്ക്കുമാ ഹിമവാന്റെ
തുമ്പിലും ചെന്നു മർത്ത്യൻ—
കാലിനാൽ ചവുട്ടാനോ?
ചന്ദ്രനും; താരങ്ങളും;
സൂര്യനും വിഹരിക്കു-
മംബരപരിധിയി
ലെത്തുകില്ലെന്നാർ കണ്ടു?
"കേരളം വളരുന്നു"
ശക്തിയിൽ കവിപാടി
കൈരളിയെന്നാലിന്നും
കണ്ണുനീരൊഴുക്കുന്നു!
പണ്ടു ഭാർഗ്ഗവരാമൻ
സൃഷ്ടിച്ചോരിക്കേരള-
മുണ്ടിന്നും കളരിയെ
ദീർഘദർശനം ചെയ്യാൻ!
പടവാളാക്കൂ നിന്റെ
തൂലിക—വീണ്ടും നിന്നെ-
ക്കളരിപ്പയററിന്നു
കേരളം വിളിക്കുന്നു!
പാടുവാനല്ലാ കവേ;
നീയണഞ്ഞാലും വേഗ-
മാവിധമിക്കേരള
മുണർന്നാലുണർന്നോട്ടേ!

— —

# സമുദായ സംഘടനകൾ.

(പുത്തേഴത്ത് രാമൻമേനോൻ)

സർവ്വലോക മൈത്രിയേയും സാഹോദര്യത്തേയും അഭിലഷിക്കുന്നു എന്നു ഭാവിക്കുകയും അതിന്നായിക്കൊണ്ട് പ്രയത്നിക്കുന്നു എന്ന് നടിക്കുകയും ചെയ്യുന്ന ഇക്കാലത്ത്, വിവിധ സമുദായങ്ങൾ പൂർവ്വാധികം സുസംഘടിതങ്ങളായ പ്രത്യേക വർഗ്ഗീയ സ്ഥാപനങ്ങളുടെ നിർമ്മിതിയിൽനിന്നും വിരമിക്കേണ്ടതാണെന്ന് പലപ്പോഴും പലരും പ്രസംഗിക്കുന്നതു കേൾക്കാം. പക്ഷേ, പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമില്ലായ്മയായിരിക്കുന്നു ഇന്നത്തെ പരിഷ്കാരത്തിന്റെതന്നെ സ്വഭാവം. സ്വാതന്ത്ര്യം സാഹോദര്യം സമത്വം എന്നിങ്ങിനെ ഉച്ചത്തിൽ പ്രസംഗിക്കുന്നവരായിരിക്കും മിക്കപ്പോഴും അവയ്ക്കു് തീരേ എതിരായുള്ള പ്രസ്ഥാനങ്ങളുടേയും പ്രവർത്തനങ്ങളുടേയും പ്രധാന പ്രണേതാക്കൾതന്നെ. ആത്മാർത്ഥതയുടെ അഭാവത്താൽ അനാദരണീയരായ പ്രസംഗകന്മാരുടെ പ്രചണ്ഡപ്രസ്താവങ്ങളിൽ ഭ്രമിച്ച് മതിമറക്കാതിരിക്കുന്നതിന്ന് നല്ല മനോബലംതന്നെ വേണമെന്ന ദിക്കായിട്ടുണ്ട്. സാർവ്വത്രികമായ ഒരു സാഹോദര്യവും മൈത്രിയും സഹകരണവും സഹിഷ്ണുതയും ആവശ്യമാണോ എന്നതിനെക്കുറിച്ചും, ആ പരമലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടായിരിക്കണം പ്രയത്നപരിപാടികളെല്ലാം എന്നതിനെക്കുറിച്ചും ഭിന്നാഭിപ്രായമില്ല; ഉണ്ടാകാവുന്നതുമല്ല. എന്നാൽ, തുല്യശക്തിയുള്ളവരും തുല്യ സൌകര്യങ്ങളുള്ളവരുമായ വ്യക്തികളോ, വിഭാഗങ്ങളോ, തമ്മിലല്ലാതെ മേൽപറഞ്ഞ സമത്വ സാഹോദര്യ മനഃസ്ഥിതി യഥാർത്ഥത്തിൽ ഉണ്ടാകാവുന്നതല്ല അപ്രകാരമല്ലാത്തിടത്തും അല്ലാത്തവർ തമ്മിലും അതുണ്ടെന്നു വാദിക്കുന്നത് കേവലം നാട്യമായിരിക്കാനേ തരമുള്ളു. മർദ്ദിതരും മർദ്ദകരും ഈ ലോകത്തിൽ അതിന്റെ ആരംഭകാലംമുതല്ക്കുണ്ട്. അവസാനകാലംവരെ ഉണ്ടാകാതേയും തരമില്ല. പ്രപഞ്ചസൃഷ്ടിയിലെ അടിസ്ഥാനരഹസ്യങ്ങളിൽ ഒന്നുതന്നെ അതല്ലെ എന്ന് സംശയിക്കണം. "തന്നിൽ എളിയതു് തനിക്കിര" എന്നതിന്റെ ഒരു പ്രവർത്തനരംഗമായിട്ടാണ് ജന്തുലോകത്തെ നാം കാണുന്നത്. എത്രയൊക്കെ സമുന്നതിയും സംസ്കാരവും സമ്പാദിച്ചിട്ടുണ്ടെങ്കിലും, ഒന്നിച്ചെടുത്ത് നിരൂപണം ചെയ്യുമ്പോൾ, മനുഷ്യരും ജന്തുവർഗ്ഗത്തിൽപെട്ടവർ ആകുന്നു. ജന്തുസഹജങ്ങളായ ദുശ്ചേഷ്ടിതങ്ങൾ മിക്കതും മനുഷ്യവർഗ്ഗത്തിൽ ഇന്നും അങ്ങിനെതന്നെ നിലനില്ക്കുന്നതായിട്ടാണ് അനുഭവം. രണ്ടായിരം കൊല്ലത്തോളമായി ശ്രീക്രിസ്തു "രണ്ടു വസ്ത്രമുള്ളവർ ഒന്നു ഇല്ലാത്തവന്നു കൊടുക്കുക" എന്നും മററും പ്രസംഗിച്ചിട്ടുണ്ട്. ആ പാഠങ്ങൾ നിത്യേന ഉരുവിട്ടുകൊണ്ടിരിക്കുന്നവരാണ്, ഒരൊററ ബോംബുകൊണ്ടു ഒരു മഹാപട്ടണത്തേയും അവിടത്തെ നിർദ്ദോഷികളായ അനേകലക്ഷം ജനങ്ങളേയും പെട്ടെന്ന് നാമാവശേഷമാക്കിയത്. സ്വന്തം തുടയിൽനിന്നു മാംസം മുറിച്ചു കൊടുത്ത് ഒരു പരുന്തിനെ രക്ഷിച്ച ത്യാഗസമ്പന്നന്മാരും ശ്രീബുദ്ധനെപ്പോലെയുള്ള ലോകോത്തരന്മാരായ സന്ന്യാസിവര്യന്മാരും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. അവരുടെ ഉപദേശങ്ങളാണ് ഇന്ത്യക്കാരുടെ ചുണ്ടുകളിലെല്ലാം തത്തിക്കളിക്കുന്നത്. പക്ഷേ, ഇതുകൊണ്ടൊന്നും ഇത്രയൊക്കെയായിട്ടും, മനുഷ്യരിൽ ചില വ്യക്തികൾ നന്നായിട്ടുണ്ടായിരിക്കാമെന്നും അങ്ങനെ നന്നാകുന്ന വ്യക്തികളുടെ എണ്ണം കാലാന്തരത്തിൽ വർദ്ധിച്ചുവർദ്ധിച്ചു വരുന്നുണ്ടായിരിക്കാമെന്നും അല്ലാതെ, മനുഷ്യവർഗ്ഗം മൊത്തത്തിൽ നന്നായിട്ടുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. കോപിച്ചാൽ കടിക്കുകയും കൊല്ലുകയും ചീന്തിത്തിന്നുകയും ചെയ്യുന്ന ഒരു ക്രൂരമൃഗംതന്നെയാണ് മനുഷ്യൻ ഇന്നും, എന്നാണ് നമ്മുടെ ചുററും നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നതു. അതുകൊണ്ട് സാമുദായിക സംഘടനകളും അതുപോലെയുള്ള മററു ഏകീകരണങ്ങളും സ്വരക്ഷക്കും വർഗ്ഗോന്നതിക്കും ഇന്നും ആവശ്യങ്ങളായ സംരംഭങ്ങൾതന്നെയാകുന്നു എന്നാണ് എനിക്ക് തോന്നുന്നത്.

വിവിധങ്ങളായ സാമുദായിക സ്ഥാപനങ്ങളുടെ ശക്തിയായ വളർച്ച സാർവ്വത്രികമായ സാഹോദര്യം എന്നതിന്ന് തടസ്ഥമായിത്തീരില്ലെ എന്നു ചോദിക്കാം. ഇല്ല; എന്നു ഉറപ്പിച്ചുപറയുന്നതിന്ന്— ഞാൻ ധൈര്യപ്പെടുന്നു. ശരിയായ അടിസ്ഥാനങ്ങളിൽ വിദ്വേഷവിഹീനമായ ആദർശങ്ങളോടുകൂടി സംസ്ഥാപിതമാകുന്ന വർഗ്ഗീയസംഘടന സാത്വികങ്ങളും സുന്ദരങ്ങളുമായ പന്ഥാക്കളിൽകൂടി പ്രവർത്തിക്കുകയാണെങ്കിൽ വിവിധസമുദായങ്ങളുടെ ബാഹ്യശക്തി വർദ്ധിക്കുന്നതോടൊപ്പം ബുദ്ധി വികസിക്കുകയും സാഹോദര്യൈക്യങ്ങൾ നിളുകയും പരസ്പരസഹിഷ്ണുതയ്ക്കും സഹതാപത്തിന്നുമുള്ള സന്നദ്ധത സമുദ്ധരിക്കപ്പെടുകയും ചെയ്യുന്നതല്ലാതെ, ഒരിക്കലും സമുദായ

യുഭവത്തിന്ന് മൂല്യവും വിവിധത്വവും കൂട്ടുന്നതിന്നു കാരണമോ രംഗമോ ആയി ഭവിക്കുന്നതല്ല. അപ്രകാരമല്ലാതെ കാണുന്നുണ്ടെങ്കിൽ, അതിന്നുള്ള കാരണങ്ങൾ ഒന്നുകിൽ അംഗീകരിച്ചിരിക്കുന്ന അടിസ്ഥാന തത്വങ്ങളുടെ ആസുരഭാവം, അല്ലെങ്കിൽ നിയന്ത്രണാധികാരികളുടെ സ്വാർത്ഥബുദ്ധി, ഇതായിരിക്കണം.

സമുദായസംഘടനകൾ മിക്കവാറും സദുദ്ദേശത്തോടുകൂടിയാണ് ജനനമെടുക്കുന്നത്. അടിസ്ഥാന തത്വങ്ങളിൽ ആസുരത്വമൊ, രാക്ഷസത്വമൊ പ്രായേണ കാണപ്പെടുകയില്ല. ഉദ്ദേശം ശുദ്ധവും, പ്രവർത്തനരീതികൾ ശുഭങ്ങളും, പ്രാപ്യസ്ഥാനം അഭികാമ്യവുമായിരിക്കും. എന്നാൽ തന്നിഷ്ടക്കാരും സ്വന്തം സമുന്നതിക്കുവേണ്ടി സമുദായത്തെ ബലികഴിപ്പാൻ തയ്യാറുള്ളവരുമായ ചില നേതാക്കന്മാരുടെ കൈകളിലെ കളിമണ്ണായിത്തീരുന്നു. സമുദായസംഘടനകൾ; അപ്പോഴാണ്, ആപത്തും അപലപനീയതയും അടിഞ്ഞുകയറുന്നത്. സമുദായസംഘടനയാകുന്ന കോവണിപ്പടികളിൽകൂടി കയറിപ്പോകുവാൻവേണ്ടി മാത്രം; യഥാർത്ഥമായ സമുദായസ്നേഹമൊ, ആദർശശുദ്ധിയൊ ഇല്ലാത്ത സമുദായനേതാക്കന്മാർ, സമുദായത്തെ ബലികഴിച്ചിട്ടുള്ളതിന്നുള്ള ദൃഷ്ടാന്തങ്ങൾ ആക്കം അനുഭവവേദ്യങ്ങളാണ്. സ്ഥാനാരോഹണത്തിന്നുശേഷം പിൻതിരിഞ്ഞുനോക്കാതെ, പൂർവ്വസ്മരണകൂടാതെ, കയറിപ്പോന്ന കോവണിയെത്തന്നെ പുറംകാലുകൊണ്ടു തട്ടിനീക്കി, തന്റെ കയററത്തിന്ന കാരണം സമുദായബലമല്ലാ, തന്റെ സ്വന്തം ബുദ്ധിചാതുര്യമാണെന്നു നടിക്കുന്ന ഹൃദയശൂന്യരും കൃതഘ്നരുമായ അഹങ്കാരികളെ ഇന്നും സൂക്ഷിച്ചുനോക്കിയാൽ ചുററുപാടും ധാരാളം കാണുവാൻ കഴിയും. സ്വാർത്ഥം തെല്ലുപോലും ഇല്ലാതിരിക്കുന്നതും ഇല്ലാതാകുന്നതും സ്വതേ സ്വാർത്ഥിയായ മനുഷ്യന്ന് അസാദ്ധ്യമായേക്കാമെങ്കിലും, കയ്യിരിപ്പും കരുതൽധനവും, വ്യാപാരമുതലും മുഴുവനും സ്വാർത്ഥം മാത്രമായിരിക്കുന്നവരെ സമുദായനേതൃത്വം ഏല്പിക്കുന്നതു—ഏതുനേതൃത്വവും, എന്നുവേണ്ട, എന്തും ഏല്പിക്കുന്നതു—ബുദ്ധിപൂർവ്വകമല്ല. അത്തരം സമ്പന്നർ വരുത്തിവെക്കുന്നതു കേവലം ആപത്തുമായിരിക്കും. അപ്പോഴാണ് "പിച്ചയില്ലെങ്കിലും പട്ടി കടിക്കാഞ്ഞാൽമതി"യെന്നു വിലപിക്കുവാൻ ഇടവരുന്നതു്. ചുരുക്കത്തിൽ, സമദായസംഘടനകൾ വേണമെന്നു മാത്രമല്ലാ കൂടിയേ കഴിയൂ. അത്തരം സംഘടനകൾ സ്വാർത്ഥലോലുപന്മാരല്ലാത്ത നേതാക്കന്മാരുടെ ഭരണത്തിലായിരിക്കുവാൻ പ്രത്യേകം മനസ്സിരുത്തണം.

വിവിധ സമുദായസംഘടനകൾ അനാവശ്യങ്ങളാണെന്നുള്ള പക്ഷക്കാരനല്ല ഞാൻ എന്നു പ്രസ്താവിച്ചുവല്ലോ. ഒരു പടികൂടിക്കടന്ന് വിവിധസംഘടനകളുടെ സമഞ്ജസമായ സഹചാരം അത്യാവശ്യം മാത്രമല്ലാ അതു് അതിമനോഹരമായ ഒരു അഭിലഷണീയാവസ്ഥകൂടിയാണെന്നുപോലും ഞാൻ പറയും. ഒരു രാജ്യത്തെ ഒരു തോട്ടത്തോടു ഉപമിക്കാവുന്നതാണ്. അവിടെ ഒരേ ഒരു വർഗ്ഗത്തിലുള്ളവയും ഒരേ വലിപ്പത്തിലും പ്രായത്തിലും ഉള്ളവയുമായ വൃക്ഷങ്ങൾ, നാനാവിധത്തിലുള്ള ചെടികൾ, വിവിധങ്ങളായ ലതകൾ, അനേക വർണ്ണങ്ങളിലുള്ള പുഷ്പങ്ങൾ ഇങ്ങിനെയൊക്കെയുള്ള ഒരു തോട്ടമാണു നയനാനന്ദകരമായിരിക്കുക. പക്ഷെ ഒന്നു മാത്രമുണ്ട്, എല്ലാററിനേയും നല്ല അടക്കത്തിലും ഒതുക്കത്തിലും ഭംഗിയിലും രക്ഷയിലും നിറുത്തണം, വളർത്തണം. ശരിയായ ശ്രദ്ധയും ആവശ്യമായ പോഷണവും എല്ലാററിനും ലഭിക്കുമാറാകണം. അങ്ങിനെയാണെങ്കിൽ, ആ തോട്ടംതന്നെയായിരിക്കും ഏററവും കാര്യക്ഷേമവും സുഭഗവുമായ വസ്തു. അതുപോലെതന്നെ, ഒരു രാജ്യത്തിലുള്ള വിവിധ സമുദായങ്ങളും, സുസംഘടിതങ്ങളും സുരക്ഷിതങ്ങളും സുശക്തങ്ങളുമായിരുന്നാൽ അതുതന്നെ ആ രാജ്യത്തിന്നു കാന്തിയേയും കീർത്തിയേയും ശക്തിയേയും കൈവരുത്തുന്നതാണ്. ഒരു പുഷ്പത്തിന്റെ ദളങ്ങളെപ്പോലെയാണ് ആ രാജ്യത്തിലെ വിവിധ സമുദായങ്ങൾ അവയെല്ലാം ഒന്നുപോലെ ഒരുപോലെ വളരണം, എന്നാൽ മാത്രമേ പുഷ്പം ഭംഗിയുള്ളതാകയുള്ളൂ. ചില ദളങ്ങൾ പുഴുക്കുത്തിയതും, ചിലതു കരുടിച്ചതുമായാൽ ആ പൂവും അതുപോലെയാവും. എന്നാൽ, ദളങ്ങളെല്ലാം പരസ്പരം മത്സരംകൂടാതെ ഞെട്ടിയിൽ നിന്നു വിടാതെ, മീതക്കുമീതെ കയറാതെ, പുറത്തേക്കു വികസിച്ചു സൂര്യപ്രകാശത്തേയും, ശുദ്ധവായുവിനേയും സമ്പാദിച്ചു സ്വന്തമായ പരിപൂർണ്ണതതന്നെയാണ് പുഷ്പത്തിന്റെ പരിപൂർണ്ണതയും എന്ന ബോധത്തോടുകൂടി വർത്തിച്ചേ കഴിയൂ. അപ്രകാരമുള്ള ഒരു മനോഭാവവും വീക്ഷണചാതുരിയും സമുദായങ്ങൾക്കുണ്ടായിരിക്കുന്നേടത്തോളംകാലം സമുദായസംഘടനകളുടെ എണ്ണത്തിലൊ വണ്ണത്തിലൊ ഭയാശങ്കക്ക് അവകാശമില്ല. ഈ രാജ്യത്തുള്ള സകല സമുദായങ്ങളും തനിക്കുതാൻപോന്ന സാമുദായിക സംഘടനകളോടുകൂടി വളരുന്നതു കാണുവാനാണ് ഞാനാഗ്രഹിക്കുന്നത്.

# മഹാദേവിവമ്മ.

ഹിന്ദീസാഹിത്യത്തിലെ അജയ്യയായ ഒരു കവയിത്രി.

(വിദ്വാൻ രാമചന്ദ്രൻ വടക്കേടത്ത്)

നൂതനമായ മാർഗ്ഗങ്ങളിലൂടെ വിജയപൂർവ്വം സഞ്ചരിക്കുകയും മായാത്ത പാദമുദ്രകൾ പതിപ്പിക്കുകയും ചെയ്യുന്ന കവികൾ ഏതു സാഹിത്യത്തിലും വിരളമത്രേ. "ദ്വിത്രാഃഏവ കവയഃ.............." എന്ന ആപ്തവാക്യത്തിന്റെ പൊരുളും അതല്ലാതെ മറ്റൊന്നുമല്ല. മനുഷ്യജീവിതത്തെപ്പററിയുള്ള ഗഹനമായ ജ്ഞാനവും വളരുന്ന തലമുറക്ക് കൊടുക്കാനൊരു സന്ദേശവും ഉണ്ടായതുകൊണ്ടുമാത്രമായില്ല; തദാശയങ്ങളെ ചേതസ്സമാകർഷകമാകുംവിധത്തിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രതിഭാവിലാസവും ഉണ്ടായിരുന്നാലേ, മേൽപറഞ്ഞ തരത്തിൽ കാവ്യനിർമ്മാണം ചെയ്യാനാവുകയുള്ളു. ഹിന്ദീസാഹിത്യത്തിൽ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്ന കവികൾ അധികമില്ല. ഉള്ളവരിൽ അദ്വിതീയമായ ഒരു സ്ഥാനമാണ് മഹാദേവിവമ്മയ്ക്കുള്ളത്.

ഭൗതികജീവിതത്തിലെ ക്ലേശങ്ങളെക്കുറിച്ചു മഹാദേവിവമ്മ അധികമൊന്നും പാടിയിട്ടില്ലായിരിക്കാം. അതിൽ നാമവരെ കുററപ്പെടുത്തേണ്ടതില്ല. ബാഹ്യജീവിതത്തേക്കാളേറെ ആന്തരികജീവിതത്തെക്കുറിച്ചാണ് അവക്ക് പറയാനുള്ളത്. വമ്മയുടെ കലാരംഗംതന്നെ അതത്രേ മനുഷ്യജീവിതത്തിന്റേയും അതിന്നാലംബമായ പ്രപഞ്ചത്തിന്റേയും ഏദയാന്തരാളത്തിലേക്ക് കൈനീട്ടിനില്ക്കുന്ന വമ്മയുടെ ഭാവനവികാരവിജൃംഭണത്താൽ കല്ലോലിതവും ആത്യന്തികമായ വിരഹത്താൽ വേദനാഭരവുമായ ഒരു പ്രത്യേക ലോകത്തെയാണ നമുക്കു കാട്ടിത്തരുന്നത്. അതായതു പ്രപഞ്ചസത്തയിൽനിന്ന് അകന്നുജീവിക്കുന്ന മനുഷ്യാത്മാവിന്റെ ചൂടുള്ള നെടുവീർപ്പുകളാണ് മഹാദേവിയുടെ ഗാനങ്ങളിൽ പ്രതിദ്ധ്വനിക്കുന്നതു്. ഈ ആവിഷ്കരണരീതി സാധാരണനായ ഒരു കവിക്ക് സാദ്ധ്യമല്ല. അതിന്നു തുനിയുന്നതുതന്നെ പരാജയത്തെ ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക. അപ്പോൾ മഹാദേവിവമ്മക്ക് അതെങ്ങനെ സാദ്ധ്യമായി? ചോദിക്കേണ്ടൊരു ചോദ്യമാണതു്. അവരെ സംബന്ധിച്ചിടത്തോളം കാവ്യജീവിതം ഒരു തപസ്യയാണ്; സാധനയാണ്. ഇതാണ് മഹാദേവിവമ്മയുടെ വ്യക്തിത്വത്തിന്റെ അടിക്കല്ല്.

കബീർ, മീര, തുളസീദാസ്, രവീന്ദ്രനാഥ ടാഗോർ മുതലായവർ എന്താണ് ചെയ്തതു്? കലാക്ഷേത്രത്തിന്റെ ത്രിക്കോവിലിൽ ഇരുന്നു് ലോകകല്യാണകരങ്ങളായ ഗാനങ്ങൾ പാടി. സത്യാന്വേഷണമായിരുന്ന ആവരുടെ ഗാനങ്ങളുടെ ആത്മാവു്. സത്യത്തിനും നന്മക്കും സ്വന്തം ജീവിതത്തിൽ സ്ഥാനം നല്കുകയും ജീവിതത്തെതന്നെ അവയാക്കി മാററുകയും ചെയ്തതാണ അവരുടെ വിജയരഹസ്യം. അങ്ങിനെയുള്ള ജീവിതത്തിലൂടെയാണ് പ്രപഞ്ചവ്യാപ്തമായ സത്യത്തെ അവർ അന്വേഷിച്ചതും അതിനെക്കുറിച്ചു പാടിയതും. മഹാദേവിവമ്മയും അവരെയാണ് അനുഗമിച്ചിട്ടുള്ളതെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

ഹിന്ദീസാഹിത്യത്തിലെ കവികളിൽ, കാവ്യവ്യാപാരത്തെ ഒരു സാധനമായി പരിഗണിക്കുന്നതു മഹാദേവിവമ്മയാണെന്നു ആദ്യമേ പറഞ്ഞുവല്ലൊ. മൈഥിലീശരൺഗുപ്ത, ജയശങ്കരപ്രസാദ്, സുമിത്രാനന്ദൻപന്തു് മുതലായവരെക്കുറിച്ചു അഭിമാനം കൊള്ളാത്ത സഹൃദയന്മാർ ഹിന്ദീസാഹിത്യലോകത്തിൽ ഉണ്ടായിരിക്കുകയില്ലെന്നുതന്നെ പറയാം. ഹിന്ദീസാഹിത്യചക്രവാളത്തെ കവിഞ്ഞും അവരുടെ പ്രശസ്തി വ്യാപിച്ചിരിക്കുന്നു. മററുള്ളവക്കു അവരെക്കുറിച്ചു ബഹുമാനമാണുള്ളതു്. സ്വന്തം വ്യക്തിത്വത്തെ ആവുംവിധം പരിപോഷിപ്പിക്കുകയും സംസ്കാരസുഭഗമായ ഒരു ഭാവിക്കുവേണ്ട പ്രചോദനം നൽകുകയും ചെയ്യുനുവെന്നതാണ് അവരുടെ വ്യക്തിവൈശിഷ്ട്യത്തിന്റെ അടിസ്ഥാനം. മഹാദേവിവമ്മക്കും അവരുടെ ഇടയിൽ സമുന്നതമായ ഒരു സ്ഥാനമുണ്ടെന്നു് ഹിന്ദീസാഹിത്യവുമായി നേരിയ പരിചയമെങ്കിലും ഉള്ളവക്കറിയാവുന്നതാണ്. കാവ്യമണ്ഡലത്തിൽ മഹാദേവി പ്രദർശിപ്പിച്ച, അലൌകികമായ ഭാവനയുടെ അടിസ്ഥാനത്തിൽ വിശ്വസാഹിത്യകാരന്മാരുടെ ഇടയിൽ അവക്കും കയറിയിരിക്കാൻ അർഹതയുണ്ടെന്നു തോന്നുന്നു. ആ ഭാവാത്മകതയും ഓമനത്തം തുളുമ്പുന്ന ഭാഷയും അനുഭൂതികളും, എല്ലാം വമ്മയുടെ കവിത്വത്തിന്ന് നിദർശനങ്ങളാകുന്നു. മാത്രമല്ല അവ, അവരാവിഷ്കരിക്കാൻ ഉദ്യമിക്കുന്ന പ്രപഞ്ചസൌന്ദര്യത്തിന്റെ പ്രതിഭാസമായിത്തോന്നുന്നു. ആ സൌന്ദര്യത്തെ പ്രകാശിപ്പിക്കുന്നതിന്ന് മഹാദേവി എത്രത്തോളം ക്ലേശിക്കുന്നു! വ്യാകുലപ്പെടുന്നു! ആ ക്ലേശവും വ്യാകുലതയും എത്രമാത്രം സ്തുത്യർഹമല്ല! ആരാദ്ധ്യമല്ല! പ്രപഞ്ചത്തിൽ വ്യാപ്തമായിരുന്ന ആ ചിരന്തനസത്യത്തെ കലയിലൂടെ മനോജ്ഞമായി ആവിഷ്കരിക്കുന്നതിന്നുള്ള വ്യഗ്രത മററധികം പേരിലും കാണുകയില്ല.

മീരയുടെ അനന്തരാവകാശമാണ് അവർ ആവശ്യപ്പെടുന്നതെന്നു പറഞ്ഞാൽ കഴിഞ്ഞു; അതിൽ എല്ലാം അടങ്ങി. കലാത്മകമായ പ്രതിപാദനത്തിൽ വർമ്മ ഇടക്കിടെ മീരയെപ്പോലും അതിശയിക്കുന്നില്ലെ എന്നു തോന്നിപ്പോകുന്നു.

നീരജ, രശ്മി, നീഹാർ, സാന്ധ്യഗീത് മുതലായവയാണ് വർമ്മയുടെ കവിതാസമാഹാരങ്ങൾ. ഹിന്ദിസാഹിത്യത്തിലെ ഓരോ അമൂല്യനിധികളായിട്ടാണ് ഈ കവിതാസമാഹാരങ്ങളെ കണക്കാക്കിവരുന്നതു്. വർണ്ണനാഭംഗി ഉടനീളം വ്യാപിച്ചുകിടക്കുന്നതും അത്യാകർഷകവുമായ ഒരു കവിതാസമാഹാരമാണ് സാന്ധ്യഗീതം. അതിലെ ഓരോ ഗാനങ്ങളേയും കലയുടെ പ്രാണനായി കരുതാവുന്നതാണ്. ഓരോ കവിതയിലും, എന്നുവേണ്ട, ഓരോ വരിയിലും മഹാദേവിവർമ്മയുടെ വ്യക്തിത്വം തുളുമ്പിനില്ക്കാറുണ്ട്. ഇത്രയും ആപാതമധുരങ്ങളായ ഗാനങ്ങൾ ഹിന്ദിയിൽ വിരലിൽ എണ്ണാവുന്നവയെ കാണൂ.

മഹാദേവിവർമ്മയുടെ കവിതകളിൽ നല്ലൊരു ഭാഗം പ്രതീകാത്മകകാവ്യങ്ങളാകുന്നു. ആദ്ധ്യാത്മിക ഗീതങ്ങളും ചുരുക്കമല്ല. മഹാദേവിവർമ്മ സ്വീകരിച്ചിട്ടുള്ള പ്രതീകങ്ങൾ ദുർഗ്രഹങ്ങളല്ലെന്ന സംഗതി പ്രത്യേകം പ്രസ്താവ്യമാകുന്നു. വർമ്മയെ ആരോടെങ്കിലും സാദൃശ്യപ്പെടുത്താമെങ്കിൽ അത് ശങ്കരക്കുറുപ്പിനോടാണ്. ഒരു നല്ല നാളെയെ വിഭാവനം ചെയ്യുന്നതിൽ മഹാദേവിയും ജിയും വിഭിന്നാഭിപ്രായക്കാരല്ല. പ്രകൃതി പ്രേമത്തിൽ അവർക്ക് തമ്മിൽ ആത്യന്തികമായ സാദൃശ്യമാണുള്ളതു്. പ്രകൃതിയുടെ ബാഹ്യഭാവത്തെയല്ല ആന്തരഭാവത്തെയാണ് രണ്ടുപേരും ആവിഷ്കരിച്ചിരിക്കുന്നതു്. ചുരുക്കത്തിൽ രണ്ടുപേരും പ്രകൃതിയുമായി താദാത്മ്യം കൊള്ളുന്നു; പ്രകൃതിയിൽ അലിഞ്ഞുചേരുന്നു.

ഭാരതീയസംസ്കാരത്തിലുള്ള അടിയുറച്ച വിശ്വാസമാണ് മഹാദേവിവർമ്മയുടെ മറെറാരു പ്രത്യേകത. പാശ്ചാത്യർ പ്രകൃതിയിൽനിന്നു അകലുമ്പോൾ പൌരസ്ത്യർ പ്രകൃതിയുമായി കൂടുതൽ അടുക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ ഒരവിഭാജ്യഘടകമാണെന്ന വിശ്വാസമാണ്, പ്രകൃതിയുമായി എത്രത്തോളം അടുക്കാമൊ അത്രത്തോളം അടുക്കുന്നതിന്നു ഭാരതീയരെ പ്രേരിപ്പിച്ചിട്ടുള്ളതു്. കാളിദാസകവിയുടെ ശാകുന്തളം ഒന്നു നിവർത്തിനോക്കുക. ഈ സവിശേഷതയാണ് ശാകുന്തളത്തിൻെറ കാതലായ ഭാഗമെന്നു കാണാം. ഭാരതീയമായ ഈ വീക്ഷാഗതി മഹാദേവിവർമ്മയുടെ മിക്ക കവിതകളിലും നിഴലിച്ചുകാണാവുന്നതാണ്.

ഗഹനങ്ങളായ ആശയങ്ങളെ ഏററവും ലളിതമായും സുഗ്രാഹ്യമായും പ്രതിപാദിക്കുന്നതിനു മഹാദേവിവർമ്മക്കുള്ള വൈദഗ്ദ്ധ്യം ഒന്നു വേറെതന്നെയാണ്. ശബ്ദഭംഗിക്കുവേണ്ടിയല്ല, ആശയങ്ങൾക്കുവേണ്ടിയാണ് അവർ കവിതയെഴുതുന്നതു്. പ്രതിപാദിക്കപ്പെടുന്ന ആശയങ്ങളെ സുരഭിലമാക്കിത്തീർക്കുന്നതിന്നു ഇതു ഒരു ഉപാധിയായിട്ടെ മഹാദേവിവർമ്മ ശബ്ദഭംഗിയെ കണക്കാക്കുന്നുള്ളു. ഓരോ പദങ്ങളും വളരെ നിഷ്കർഷയോടുകൂടിയാണ് അവർ പ്രയോഗിക്കുന്നതു്. ഉചിതമായ പദങ്ങൾ തിരഞ്ഞെടുത്തു് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന വർമ്മ കാളിദാസൻെറ രചനാഭംഗിയെ അനുസ്മരിപ്പിക്കുന്നു.

കവിയായ മഹാദേവിവർമ്മയെപ്പററിയാണ് ഇത്രയും പറഞ്ഞതു്. എന്നാൽ, ഒരു കവിയെന്നപോലെ നല്ലൊരു ഗദ്യകർത്രി കൂടിയാണവർ. കവികൾ പലപ്പോഴും ഗദ്യത്തിൽ പരാജയപ്പെടാറുണ്ട്. മഹാദേവിവർമ്മ അങ്ങിനെയല്ല. "അതീത് കേ ചലച്ചിത്ര്" എന്ന പുസ്തകം വർമ്മയുടെ ഗദ്യമെഴുതുന്നതിലുള്ള സാമർത്ഥ്യത്തിൻെറ നിർമ്മലദർപ്പണമായി പരിലസിക്കുന്നു. "കവിയുടെ ഗദ്യം" എന്നു പേരിടാവുന്ന ജിയുടെ ഗദ്യമില്ലേ? ഏതാണ്ടതുപോലെത്തന്നെയാണ് വർമ്മയുടെ ഗദ്യവും ചിന്തയും ഭാവനയും കൈകോർത്തുപോകുന്ന ആ ഗദ്യത്തിന്ന് കാവ്യാത്മകമായ ഒരു ഭംഗിയാണ് കാണുക. കൂടാതെ വളരെക്കാലം അവർ—മഹാദേവിവർമ്മ— "ചാന്ദ്" എന്ന പത്രത്തിൻെറ പത്രാധിപർകൂടിയായിരുന്നു.

പ്രപഞ്ചഹൃദയത്തിലേക്ക് കൈയെത്തിക്കുന്ന മഹാദേവിവർമ്മ സംസ്കാരസുഭഗമായ ഒരു ഭാവിയെ പ്രതീക്ഷിക്കുന്നു; അതിനെ മാടിവിളിക്കുന്നു. ധീരമായ ആ ആഹ്വാനം അവരുടെ കവിതകളിലും ലേഖനങ്ങളിലും സർവ്വോപരി മുഴങ്ങിക്കേൾക്കാം.


**SHELL BRAND**



CUPS, SAUCERS,
BOWLS CLOSETS
etc.

of Kerala Ceramics Feroke are available

**at**

**BEN & Co.,**

ERNAKULAM.

# ★ പിച്ചക്കാരി ★

(വെള്ളായ്ക്കൽ ഗോവിന്ദമേനോൻ)

ദാരിദ്ര്യ ദേവത
തൻ ജയപതാകപോൽ
കീറിനാറിയ തുകിൽ
ത്തുണ്ടുതന്നുള്ളിൽക്കൂടെ
യൌവന ലക്ഷ്മിയാം ത-
ന്നൊഴിഞ്ഞ മടിശ്ശീല
യെവ്വണ്ണ മവ്വണ്ണമായ്
കാണായ മുലകളാൽ
വേണ്ടെന്നോടടുക്കേണ്ട-
ന്നാരേയും വിലക്കിയും
കൊണ്ടൊരു വൃദ്ധാംഗന
യാളിതാ പിച്ചക്കാരി
ഇല്ലിവൾക്കെന്നോ പാരി-
ലാരുമൊരവലംബം?
നല്ലൊരു വടിതാങ്ങാ-
യുണ്ടിവൾക്കിതാ കൈയിൽ
കൂനു കൂനിവൾ തൻമെയ്
മണ്ണിലുൾച്ചേരാറായ് പ്പോ-
യെന്നു ചൊല്ലുമാം പിച്ച-
ക്കായുള്ള നടപ്പാലും.
മന്ദമന്ദ മങ്ങവ-
ളുന്നത ഗൃഹമൊന്നിൽ
ചെന്നരച്ചിതു 'ധർമ്മം
തരണേ തമ്പുരാട്ടി'
തെല്ലിട കഴിഞ്ഞപ്പോ-
ളഞ്ചാറുമണിയരി
മെല്ലെന്നഗൃഹേശ്വരി
കൊണ്ടുവന്നരുളിനാൾ.
തുച്ഛമീ ധർമ്മം തവ
നിലയ്ക്കെന്നാരിമണി
പുച്ഛിച്ചി'തിച്ഛീ'യെന്ന
പാത്രത്തിൽ പതിക്കവേ.
ആ വൃദ്ധ വിറപൂണ്ട
കൈകളാൽ ജഗൽപ്രാണൻ
'ഹാ! വേഗംനീ'ക്കെന്നോതും
തോളണിത്തുകിൽ കാട്ടി
വല്ലതുമൊരു പഴ
ന്തുണിയെങ്കിലും നല്കാൻ
ചൊല്ലിയതേതും കേട്ട
ഭാവമേ നടിക്കാതെ
കേവലമപ്പാവത്തി-
ലുള്ളലിവററായവൾ
കൈവളക്കിലുക്കത്താൽ
പൊയ്ക്കൊൾകെന്നാജ്ഞാപിച്ചാൾ.
പൊൻകസവണിശ്ശുഭ്ര-
പ്പട്ടിനാൽ പാലംഭോധി
തൻ കുരുകല്ലോലശ്രീ
കാണിച്ചക്കമനിയാൾ
തൻ കുളിർ മച്ചിനുള്ളിൽ
പോയി വിശ്രമിക്കുകയായ്
നൽക്കനിവേകാനുള്ളമേതുമേ
കുളിർക്കാത്തോൾ—
അന്നുതാൻ വിടർന്നുള്ള
കുമ്പിനാൽ പുതുവസ്ത്രം
നന്നെങ്കിൽ തരാംഞങ്ങ-
ളെന്നങ്ങു മുററത്തുള്ള
വാഴകളിളംകാററിൽ
ചലിക്കെ കൈകൾകാട്ടി
യേഴയെ വിളിച്ചതു
കണ്ടതില്ലവരാരും
വിടരാതുള്ള കുമ്പാം
ചൂണ്ടാണിവിരൽനീട്ടി
പ്പിടിച്ചിതവൾനേർക്കു
മററുള്ള കദളികൾ.
സ്വന്തമായൊരു മഹാ-
മേരു പർവ്വതം തീർത്തേ
സ്വാന്തത്തിൽ തൃപ്തി വരു
എന്നുള്ള മാന്യന്മാരെ!
അതിൽനിന്നലിവിന്റെ
യരുവിയൊഴുക്കുവാൻ
മതിയിൽ കരുതണേ
മർത്ത്യരീനാമെല്ലാരും.

(പഴയ നോട്ടുബുക്കിൽനിന്നു്)

# ജ്യോതിഷത്തെക്കുറിച്ച്.

(വിദ്വാൻ കെ. പ്രകാശം)

ഇക്കഴിഞ്ഞ മെയ് 16-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ശ്രീ. സി. രാജഗോപാലാചാരി ജ്യോതിഷത്തെക്കുറിച്ച് ഒരു അഭിപ്രായവും അതിനെ താങ്ങിക്കൊണ്ട് ഒരു കഥയും എഴുതിക്കാണുകയുണ്ടായി. അതു് വായിച്ചപ്പോൾ എനിക്കു മറെറാരു കഥ ഓർമ്മവന്നു. പണ്ട് ഒരാൾ അയാളുടെ അമ്മക്കു സുഖക്കേടു ബാധിച്ചപ്പോൾ ആ സുഖക്കേടിൽ അമ്മ മരിക്കുമോ എന്നറിയുവാൻവേണ്ടി ജ്യോത്സ്യന്റെ അടുത്തു ചെന്നു ജാതകം പരിശോധിപ്പിച്ചു. ജോത്സ്യൻ ഗാഢമായി പരിശോധിച്ചതിന്നു ശേഷം അമ്മ ഈ സുഖക്കേടിൽ മരിക്കുമെന്നും മരിക്കുന്നതു് ഇന്ന ദിവസം ഇന്ന സമയത്താണെന്നും കൃത്യമായി പറഞ്ഞുകൊടുത്തു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞതിന്നുശേഷം അയാൾ ജ്യോത്സ്യനെ വഴിക്കുവെച്ച് യദൃച്ഛയാ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു "ഹേ! ജ്യോത്സ്യരെ, നിങ്ങൾ പറഞ്ഞ പ്രവചനം ശരിക്കു ഫലിച്ചു. അമ്മ നിങ്ങൾ പറഞ്ഞ സമയത്തുതന്നെ മരിച്ചു. പക്ഷേ —".

ജ്യോത്സ്യൻ — "എന്താണ് പക്ഷേ —?"

അയാൾ — "പക്ഷേ — അല്പം കൈക്രിയ വേണ്ടിവന്നു". (അമ്മയെ ഞെക്കിക്കൊന്നു എന്നു സാരം) ഇങ്ങനെ ജ്യോതിഷം ശരിപ്പെടുത്തുവാൻ ഒരാൾ അമ്മയെക്കൊന്നു. രാജഗോപാലാചാരിയുടെ കഥയിൽ ജ്യോത്സൻ നിർണ്ണയിച്ച സമയത്തു് ഉദ്യോഗക്കയററം കിട്ടുവാൻ ഒരാൾ സീനിയർ ഉദ്യോഗസ്ഥനെ പാഷാണം കാപ്പിയിൽ കലക്കിക്കൊടുത്തു കൊന്നു. അത്രയേ ഈ രണ്ടു കഥകളും തമ്മിൽ വ്യത്യാസമുള്ളു. രാജഗോപാലാചാരി സമർത്ഥിക്കുന്നു. "ജ്യോതിഷം സത്യമാവാം; അസത്യമാവാം; സത്യാസത്യങ്ങളിടകലർന്നതാവാം പക്ഷേ ജ്യോതിഷം പരീക്ഷിക്കുന്നതു്, മനുഷ്യനെ അധഃപതനത്തിലേക്കേ നയിക്കൂ". ഈ അഭിപ്രായവും അർദ്ധസത്യം കലർന്നതാണ്. "ജ്യോതിഷം സത്യമാണ്; അസത്യമല്ല; സത്യാസത്യം ഇടകലർന്നതുമല്ല. സത്യമായ മാർഗ്ഗത്തിലേക്ക് എത്തുവാൻ സത്യമായ പരിശ്രമമാണ് ആവശ്യം" എന്നു് ഞാൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. അസത്യമായ മാർഗ്ഗത്തിലേക്ക് പ്രേരിപ്പിക്കുന്നവരും ജ്യോതിഷം വേണ്ടപോലെ ഗ്രഹിക്കാതെ പ്രവചനങ്ങൾ പറയുന്നവരുമാണ് ജനങ്ങളെ വഴിതെററിക്കുന്നതു്. അതു് ജോതിഷത്തിന്റെ തെററല്ല. അതു് കൈകാര്യം ചെയ്യുന്നവരുടെ തെററാണ്. ജ്യോതിഷം ശാസ്ത്രങ്ങളിൽ വെച്ച് നേത്രമാണെന്നു് പ്രാചീനാചാര്യന്മാർ ഉൽഘോഷിക്കുന്നു. ബാഹ്യമായ ലോകത്തെ മാംസചക്ഷുസ്സുകൊണ്ടു കാണാം. ആഭ്യന്തരമായകാര്യങ്ങൾ ജ്ഞാനചക്ഷുസ്സുകൊണ്ടു കാണാം. ജീവിതത്തിലെ ഇരുളടഞ്ഞ ഭാവിയിലേക്ക് വ്യക്തമായ വെളിച്ചംവീശി വർത്തമാനകാലത്തിന്റെ സോപാനത്തിൽക്കൂടി കയറിപ്പോകുവാൻ ആശിക്കുന്ന ഏതൊരുത്തനും സത്യമായ ജ്യോതിഷത്തിന്റെ "ടോർച്ച്" നിശ്ചയമായും ഉപകരിക്കുന്നതാണ്. ജ്യോത്സ്യൻ എങ്ങനെയുള്ളവനായിരിക്കണം എന്നു ശാസ്ത്രം നിർദ്ദേശിക്കുന്നുണ്ട്. "സമാധാന ശീലനും, ഗുരുഭക്തനും, നിർമ്മലചിത്തനും, ആസ്തിക്യബോധമുള്ളവനും, ഇഷ്ടദേവതയെ നിത്യം പൂജിക്കുന്നവനും ആയ ശിഷ്യനു മാത്രമെ ഗുരുനാഥൻ ശാസ്ത്രം ഉപദേശിക്കാവൂ" എന്നു് പരാശരാചാര്യൻ പറയുന്നു. അതിന്നു വിപരീതമായ പാത്രങ്ങളിൽ ദാനംചെയ്യപ്പെട്ട ശാസ്ത്രം ലോകത്തിന്നു വിപത്തുണ്ടാക്കുന്നുണ്ടെങ്കിൽ അതിന്നു് ഉത്തരവാദി ശാസ്ത്രമല്ല അതിന്റെ പ്രയോക്താവാണ് എന്നു ധരിക്കാത്തതിലാണ് അത്ഭുതം. ഇന്നത്തെ ജ്യോത്സ്യന്മാരിൽ പലരും സേവകം സ്വാർത്ഥലാഭത്തിന്നും താല്ക്കാലിക ഗുണത്തിന്നും വേണ്ടി ശാസ്ത്രത്തെ അവരവരുടെ ഇഷ്ടത്തിനൊത്തു വ്യാഖ്യാനിച്ചു കൈകാ

# സാമുദായിക വിദ്യാഭ്യാസം

(ശിരോമണി, പി. കെ. ശ്രീരാമപ്പണിയ്ക്കർ, പാറന്നൂർ)

ഏതൊരു രാഷ്ട്രത്തിന്റെയും പുരോഗമനത്തിൽ ഭാഷയുടേയും സാഹിത്യത്തിന്റേയും പ്രായോഗികമായ പ്രവർത്തനം ഒരു സജീവോപാധിയാണെന്നുള്ള തത്വം വിചാരശീലന്മാർക്കറിയാവുന്ന ഒരു യഥാർത്ഥമാണ്. സ്വതന്ത്രഭാരതത്തിൽ പ്രാദേശിക ഭാഷകൾക്കും സാഹിത്യത്തിനും പ്രാധാന്യവും പ്രാമാണ്യവും കല്പിക്കണമെന്ന് രാജ്യതന്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടതും ഈ തത്വത്തെ മുൻനിർത്തി മാത്രമാണ്. അവയിൽ നിന്നൂറിവരുന്ന അമൂല്യമായ സംസ്കാരസമ്പത്താണ ഏതു പുരോഗമനത്തിന്റേയും നിദാനമായി പരിലസിക്കുന്നതു. ഇതരരാഷ്ട്രങ്ങളുടെ മുമ്പിൽ തലയുയർത്തി നില്ക്കുവാൻ ഭാരതത്തെ പര്യാപ്തമാക്കിത്തീർത്തത് ആതിന്റെ സാംസ്കാരികമൂല്യത്തിന്റെ മഹത്വം മാത്രമാണെന്നറിയുന്നവർ വളരെ വിരളമാണ്.

അനാദികാലംമുതല്ക്ക് മാനവസമുദായത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗമനത്തിനും ക്ഷേമസമ്പൂർണ്ണമായ ദൈനംദിനജീവിതത്തിനും സമുചിതമായ നിലയിൽ ധർമ്മനിഷ്ഠയും സന്മാർഗ്ഗ.

---

ഷ്യം നടത്തുന്നതുകൊണ്ടു ശാസ്ത്രത്തിൽ പലർക്കും, രാജാജിയെപ്പോലെ അവജ്ഞതോന്നുന്നതിൽ അത്ഭുതപ്പെടാനില്ല. ജ്യോതിഷശാസ്ത്ര പാണ്ഡിത്യം തികഞ്ഞവരാണെന്ന് നടിച്ച് പലരേയും ആകർഷിച്ച് അബദ്ധത്തിൽ ചാടിക്കുന്ന വ്യാപാരികളും പട്ടണപ്രദേശങ്ങളിൽ ധാരാളമുണ്ട്. അനവധി നൂററാണ്ടുകളിൽ മനുഷ്യസമുദായത്തിലെ ധിഷണാശാലികൾ ജ്യോതിസ്സുകൾക്കും ലോക സംഭവങ്ങൾക്കും തമ്മിലുള്ള ബന്ധത്തെ പരിശോധിച്ചറിഞ്ഞു് രേഖപ്പെടുത്തിയതിന്റേയോ, ഇഷ്ടദേവതാപ്രസാദംകൊണ്ടുണ്ടായ ബുദ്ധ്യുദയത്തിന്റെയോ, രണ്ടുംചേർന്ന അനുഗ്രഹങ്ങളുടെയോ ഫലമായി ഉദയംകൊണ്ടതാകാം ജ്യോതിഷം. അതിനെ കൈകാര്യം ചെയ്യുന്നവർ വ്യുൽപന്നമതികളും, ശാസ്ത്രം പഠിച്ചവരും പൊതുജനാനുഗ്രഹം നേടിയവരും, നിഷ്കാമികളും സത്വഗുണ പ്രധാനികളും, ഇഷ്ടദേവതാപൂജ ചെയ്യുന്നവരും ശാന്തശീലന്മാരുമായിരിക്കണം. ഗർവ്വിഷ്ഠരും, മുറിക്കുന്തക്കാരും ദുരാഗ്രഹികളുമായിരിക്കരുത്. ശാന്തമായ സമയങ്ങളിൽ മാത്രമേ ചിന്തിക്കുവാൻ ഒരുങ്ങാവൂ. സേവയും ധനവും സമ്പാദിക്കുവാനുള്ള ഒരു വ്യാപാരമായി അതിനെ സ്വീകരിക്കുവാൻ തുടങ്ങുമ്പോൾ അതു്. അധഃപതിച്ചുപോവുകയാണ് ചെയ്യുന്നതു് അതുപോലെത്തന്നെ അസത്യമായ മാർഗ്ഗത്തിൽ സഞ്ചരിക്കുവാൻ ശ്രമിക്കുന്ന ഒരാളെ ജ്യോതിഷം സഹായിക്കുകയില്ല; ശിക്ഷിക്കുകയും ചെയ്യും. റഷ്യയെ ആക്രമിക്കുവാൻ നല്ല സമയവും കാലവും നോക്കിപ്പുറപ്പെട്ട ഹിററ്ലറെ ജ്യോതിഷം (അതിന്റെ പ്രയോക്താക്കൾ) അബദ്ധത്തിൽ ചാടിച്ചു. ധർമ്മാധർമ്മങ്ങളുടെ ഫലദാതാവാണ് കാലം; കാലം അത് യഥാകാലം അനുഭവിപ്പിച്ചുകൊള്ളും. കൈക്കൂലി കേസ്സിൽ ശിക്ഷ അനുഭവിക്കുമെന്നു വിചാരിച്ച് ആത്മഹത്യ ചെയ്യുവാൻ കയറെടുത്ത ഒരാൾ ജ്യോത്സ്യന്റെ അടുത്തുചെന്ന് പരിശോധനകഴിച്ചപ്പോൾ അടുത്തു് അപകടമൊന്നും വരികയില്ലെന്നു ജ്യോത്സ്യൻ ധൈര്യപ്പെടുത്തിവിട്ടതനുസരിച്ച് കേസ്സ് വിധിപറയുന്നതുവരെ ഉൽക്കണ്ഠിതനായി കഴിച്ചുകൂട്ടുകയും, ഒടുവിൽ കേസ്സ് "തെളിവില്ലാതെ തള്ളി" എന്ന വിധിമൂലം അയാൾ രക്ഷപ്പെടുകയും ചെയ്തു. ഇത്തരം ചില വ്യക്തികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവരുടെ കഷ്ടകാലം ഉൽക്കണ്ഠകൊണ്ട് തീർന്നിരിക്കാം; അഥവാ ദോഷങ്ങൾ അനുഭവിക്കേണ്ട കാലം വന്നുചേർന്നിട്ടില്ലായിരിക്കാം. അതുകൊണ്ട് എനിക്കു പറയുവാനുള്ളതു് ഇത്രമാത്രമാണ്. "ജ്യോതിഷം സത്യമാണ്, അസത്യമാകാൻ തരമില്ല. അതു് സത്യാസത്യങ്ങൾ ഇടകലർന്നതുമല്ല. അത് അന്ധകാരമായ മനുഷ്യജീവിതത്തിന്റെ ഭാവിയിലേക്ക് ഒരു വെളിച്ചം വീശുന്ന ദിവ്യദീപ്തിയാകുന്നു!" ശാസ്ത്രീയമായ ചില അനുഭവങ്ങൾ അടുത്തലക്കങ്ങളിൽ വിവരിക്കാം.

ബോധവും നിലനിൎത്തിക്കൊണ്ടുപോരിക എന്ന ഏക ലക്ഷ്യത്തിൽ നിലകൊണ്ടിരുന്ന ആ ഭാരതീയ സംസ്കാരം മാത്രമായിരുന്നു ഇന്ത്യയുടെ ഏക ധനം! അതിന്റെ വിളനിലമായി പരിലസിച്ചിരുന്ന ഏക ഭാഷയായിരുന്നു സംസ്കൃതം! നാനാമുഖങ്ങളായ സാഹിത്യപ്രവർത്തനങ്ങൾവഴിയായി മനുഷ്യനെ മനുഷ്യത്വത്തോടുകൂടി പരിപൂൎണ്ണതയിലേയ്ക്കുയൎത്തുവാൻ പൎയ്യാപ്തമായ ഏക മാൎഗ്ഗമായിരുന്നു സംസ്കൃതവിദ്യാഭ്യാസം!

ധാൎമ്മികവും നീതിനിഷ്ഠവുമായ സാമുദായിക ജീവിതത്തിന്ന് മാർഗ്ഗദൎശിയായി പരിലസിക്കുന്ന ആ ആൎഷസംസ്കാരത്തിന്റെ പ്രകാശം തട്ടാതെ ഏതൊരു ഭാരതീയനും ഭാരതീയനായി ജീവിക്കുവാനൊ വളരുവാനൊ കഴികയില്ലെന്നുള്ള വാസ്തവം ഇന്നത്തെ ഭരണധുരന്ധരന്മാൎക്കുപോലും അജ്ഞാതമാണ്. അതിന്റെ ഫലമായിട്ടാണ് അവരിന്ന് രോഗമറിയാതെ ചികിത്സചെയ്യുന്ന വൈദ്യന്മാരെപ്പോലെ ജനതാമദ്ധ്യത്തിൽ സുഖസമാധാനങ്ങളും സംതൃപ്തിയും വളൎത്തുവാൻ കഴിവില്ലാതെ അവജ്ഞയ്ക്കും അവഹേളനത്തിന്നും പാത്രമായിത്തീരുന്നതു്.

എന്നാൽ വൈദികകാലംമുതൽക്കു പ്രചരിച്ചുവന്നിരുന്ന ആ സാഹിത്യസരണികളിൽക്കൂടി മുൻപറഞ്ഞ സംസ്കാരപ്രകാശത്തെ പ്രദ്യോതിപ്പിച്ചുകൊണ്ട് നാനാമുഖമായി വ്യാപിച്ചിരുന്ന വിദ്യാഭ്യാസം കാലക്രമത്തിൽ സാങ്കേതികവും സാമുദായികവുമായ ചില ഉൾപ്പിരിവുകളിൽക്കൂടി പ്രവഹിച്ചിരുന്നുവെന്നുള്ളതു ചരിത്രദൃഷ്ട്യാ നമുക്കു കാണുവാൻ കഴിയുന്നുണ്ട്. മനുഷ്യജീവിതത്തിന്നു അത്യന്താപേക്ഷിതങ്ങളായ വിജ്ഞാനങ്ങളും ജീവിതാവശ്യങ്ങളും നേടുന്നതിന്നുവേണ്ടി സാങ്കേതികവശങ്ങളിൽക്കൂടി നാനാമുഖങ്ങളായി തിരിയുന്ന വിദ്യാവിഭാഗങ്ങളെ സാമുദായികാടിസ്ഥാനത്തിൽ അടിയുറപ്പിച്ചുനിൎത്തുവാനും തദ്വാരാ ഓരോന്നും ഓരോ സമുദായത്തിന്റേയും കുത്തകാവകാശമാക്കി നിൎത്തുവാനും വെമ്പൽക്കൊണ്ടിരുന്ന പൂൎവ്വികന്മാരുടെ ബുദ്ധിചാതുൎയ്യം സ്വാൎത്ഥംതന്നെയാകണമെന്നു പറയാം.

ഇപ്രകാരം നോക്കുമ്പോൾ വേദചക്ഷുസ്സെന്ന് സുപ്രസിദ്ധമായ ജോതിശ്ശാസ്ത്രത്തിന്റേയും ഉപവേദമായി പരിഗണിക്കപ്പെടുന്ന ആയുൎവ്വേദത്തിന്റേയും ധനുൎവ്വേദത്തിന്റേയും കുത്തകാവകാശത്തെ സ്വയം വഹിച്ചു പൊതുജനക്ഷേമത്തിന്നുതകുന്ന വിധത്തിൽ അവയെ കൈകാൎയ്യം ചെയ്തുപോന്നിരുന്ന ഒരു സമുദായം കേരളത്തിലുണ്ടായിരുന്നുവെന്നു നമുക്കു നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്.

എന്നാൽ സാമുദായികത്വം സങ്കുചിതചിന്തയാണെന്നും മതേതരരാഷ്ട്രനിൎമ്മാണം പരമലക്ഷ്യമാണെന്നും പറഞ്ഞു് നടക്കുന്ന ചിലർ സനാതനത്വത്തിന്റെ കെട്ടുകുററിയിൽനിന്നു് കെട്ടഴിഞ്ഞു് വിറളിയെടുത്തു് കുതിച്ചുപായുന്ന ലോകഗതിയേയും മനുഷ്യസമുദായത്തേയും നിയന്ത്രിക്കുവാൻ കഴിവില്ലാതെ; ശാന്തസുന്ദരവും സമാധാനസമ്പൂൎണ്ണവുമായ ഒരന്തരീക്ഷത്തെ സൃഷ്ടിക്കുവാൻ വേണ്ടി നിരൎത്ഥപ്രയത്നം ചെയ്യുന്നതു കാണുമ്പോൾ സാമുദായികവിദ്യാഭ്യാസത്തെക്കുറിച്ചു് സ്മരിക്കുവാൻപോലും ഭയപ്പെടേണ്ടിയിരിക്കുന്നു!

ലോകചക്രത്തേയും; ജ്യോതിൎഗ്ഗോളങ്ങളേയും; അവയുടെ ഗതിവിഗതികളേയും രശ്മിപ്രസരങ്ങളേയും പ്രകൃതിയുടെ സൂക്ഷ്മതത്വങ്ങളേയും കുറിച്ചു ചിന്തിക്കുവാനൊ അവയുടെ പ്രവൎത്തനങ്ങൾമൂലം മനുഷ്യജീവിതത്തിന്നു് സംഭവിച്ചുകൊണ്ടിരിക്കുന്ന ദൈനംദിന പരിവൎത്തനങ്ങളെക്കുറിച്ചറിയുവാനുള്ള അറിവൊ കഴിവൊ ബുദ്ധിശക്തിയൊ ഇല്ലാതെ വെറും നിരൎത്ഥജല്പനം ചെയ്യുന്ന ഒരുതരം പുത്തൻകൂററുകാരുടെ യുഗമായ ഈ നൂററാണ്ടിൽ—മാനവസമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗമനത്തിന്നു് സാമുദായിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നു പറയുവാൻ ഭയപ്പെടേണ്ടിയിരിക്കുന്നു!

എങ്കിലും വിശാലമായ ജനതാക്ഷേത്രത്തെ സമുദായങ്ങളെക്കൊണ്ട് വരമ്പിട്ടു തിരിച്ചു് സദാചാരനിഷ്ഠകൊണ്ട് സജ്ജീകരിച്ചു് കൎമ്മങ്ങളുടെ വിത്തുവിതച്ചു്, ഐക്യത്തിന്റേയും സൌഹാൎദ്ദത്തിന്റേയും വളമിട്ടു് ശാന്തിയുടേയും സമാധാനത്തിന്റേയും സൌരഭ്യം പരത്തിക്കൊണ്ട് ലോകക്ഷേമത്തെ വിളയിക്കുന്ന അപാരകരുണാനിധിയായ ആ കർഷകന്റെ മുമ്പിൽ സത്യത്തിന്റേയും സദാചാരത്തിന്റേയും സന്മാൎഗ്ഗബോധത്തിന്റേയും നെടുംകോട്ടകളായ സമുദായങ്ങൾക്ക് സ്ഥാനമുണ്ട്; സ്ഥിതിയുണ്ട്; അപ്പോൾ ഓരോ സമുദായത്തിന്റെയും ഘടകങ്ങളായ സാങ്കേതികവശങ്ങളുടെ പരിപോഷണത്തിന്നുവേണ്ടി സാമുദായിക വിദ്യാഭ്യാസവും ആവശ്യമായിത്തീരുന്നു!

എന്നാൽ പുരോഗമനത്തിന്റെ പേരിൽ ഇന്നത്തെ സമുദായപ്രവർത്തകന്മാരിൽ മിക്കപേരും കാട്ടിക്കൂട്ടുന്നഗോഷ്ടികൾ തികച്ചും ലജ്ജാവഹമാണ്. സ്ഥാ

നമാനങ്ങൾ കൊതിച്ചോ നിഗൂഢമായ സ്വാർത്ഥലാഭങ്ങൾക്കുന്നംവെച്ചോ കേവലം ബാഹ്യാഡംബരങ്ങളെക്കൊണ്ടു് പ്രകടനങ്ങൾ നടത്തുക എന്നുള്ളതിൽ കവിഞ്ഞ യാതൊരു പ്രവർത്തനവും അക്കൂട്ടരിൽനിന്നു് ഒരു സമുദായത്തിന്നും സിദ്ധിച്ചിട്ടില്ല. സമുദായത്തിൻെറ ജീവനാഡികളേതെല്ലാമെന്നും അവയുടെ ബലക്ഷയത്തിന്നുള്ള നിദാനമെന്തെന്നും അവയെ പരിഹരിച്ചു് സമുദായത്തെ കാലോചിതമായി പരിഷ്കരിച്ചു പുരോഗമിപ്പിക്കുവാൻ സമുചിതങ്ങളായ മാർഗ്ഗങ്ങളേതെന്നും ചിന്തിച്ചു മനസ്സിലാക്കി അതിന്നുവേണ്ടി നിസ്വാർത്ഥമായും ആത്മാർത്ഥതയോടുകൂടിയും പ്രവർത്തിക്കുന്നവരാണു് യഥാർത്ഥ സമുദായപ്രവർത്തകന്മാർ. അവരുടെ മുമ്പിൽ അണിനിരക്കുന്ന കർത്തവ്യങ്ങളുടെ കൂട്ടത്തിൽ പ്രഥമവും പ്രധാനവുമായി നില്ക്കുന്ന ഒരേകപ്രശ്നമാണു് സാമുദായികവിദ്യാഭ്യാസം.

ഇത്തരത്തിൽ നിരീക്ഷണം ചെയ്യുമ്പോൾ ആരംഭത്തിൽ പ്രതിപാദിച്ചവിധത്തിൽ പഴമയുടെ പാഴ്ച്ചളിക്കുണ്ടിൽ നിറം മങ്ങിക്കിടക്കുന്ന—പുതുമയുടെ പുറംപൂച്ചിൽ വിലമതിയ്ക്കാതെ തള്ളിക്കളയപ്പെട്ട—ആ സംസ്കാരത്തെ പുനരുദ്ധരിച്ചു്, ഉപയോഗപ്രദമാക്കിത്തീർക്കുവാൻ പററിയവിധത്തിൽ സംസ്കൃതവിദ്യാഭ്യാസത്തേയും വൈദികലൌകികസാഹിത്യസമുച്ചയത്തേയും പുനരുജ്ജീവിപ്പിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യേണ്ടതു് വിദ്യാഭ്യാസസമ്പന്നരായി ജീവിതം നയിക്കുന്ന സമുദായാംഗങ്ങളുടെ കർത്തവ്യമായിത്തീരുന്നു. അധികാരലബ്ധിയാൽ സന്തുഷ്ടരും കർത്തവ്യനിർവ്വഹണത്തിൽ ഇതികർത്തവ്യതാമൂഢരുമായ ഭരണാധികാരികളുടെ ശ്രദ്ധയെ ഈ വഴിക്കു തിരിച്ചുവിടുവാൻ അത്തരം സമുദായപ്രവർത്തകരുടെ സതതശ്രദ്ധ പതിയേണ്ടതാണു്.

അപ്രകാരം അഭ്യസ്തവിദ്യരും സംസ്കാരസമ്പന്നരുമായ സമുദായാംഗങ്ങളുടെ ഉൽപ്രബുദ്ധമായ ഒരന്തരീക്ഷത്തിൽ മാത്രമെ സദാചാരനിഷ്ഠയും സന്മാർഗ്ഗബോധവുംകൊണ്ടു് ശാശ്വത ക്ഷേമത്തെ കെട്ടിപ്പടുക്കുന്ന സാമുദായികജീവിതം നയിക്കുവാനും പരിഷ്കൃതലോകത്തിൻെറ ഒരു സജീവ ഘടകമായിത്തീരുവാനും സാധിക്കുകയുള്ളു. അതിന്നുത്തരവാദപ്പെട്ടവർ വേണ്ടവിധത്തിൽ പരിശ്രമിക്കുമെന്നുള്ള ശുഭപ്രതീക്ഷയോടുകൂടി സമുദായാംഗങ്ങൾ കാത്തിരിക്കുകയാണു്.

# മുന്നോട്ടുതന്നെ.

(ഭരതൻ എരനെല്ലൂർ)

I

അല്ലുകൾ കരിങ്കൊടി കുത്തട്ടേ നിന്നെക്കാൺകെ,
പല്ലിളിക്കട്ടേ ദൂരേ പൊള്ളയാം വിരിവാനം
ഭൂതത്തിൻ കെട്ടാറിയ വീറപാറട്ടേ, ഭാവി-
ജ്യോതിസ്സു നിൻചേതസ്സിൽ കൈത്തിരി കത്തിച്ചീടും.
മർത്ത്യനെയിന്നോളവും പഠിക്കാൻ കഴിയാത്ത
മർത്ത്യന്മാർ കാക്കിക്കട്ടേ! തുപ്പട്ടേ! ചീറിട്ടട്ടേ!
ചേതനയുടെ യാററം തകർന്നാൽ,—തകർന്നാലീ
ഭൂതലം കിടുകിടെ വിറക്കും, മറിക്കും.
നിന്നിലുണ്ടൊരു ധ്രുവൻ സംയമനത്തിൻ വിണ്ണിൽ
മിന്നിടുമൊരുനാൾ നീ ദീപ്തമാം നക്ഷത്രമായ്.

II

പകൽ രണ്ടുനേരവും മുറുക്കിത്തുപ്പീലെങ്കിൽ
കടൽ കൈപൊക്കാതാക്കാതങ്ങനെക്കിടന്നേനേ
ഊക്കേറും കൊടുങ്കാററു ചീറിക്കൊണ്ടടുക്കായ്കിൽ
അക്കാട്ടുതീയിൻനാളം കാണാതെക്കിടന്നേനേ.
മാനുഷധിഷണതൻ മാഹാത്മ്യമറിയാത്ത
മാനുഷർ പുച്ഛിക്കട്ടേ, തള്ളട്ടേ, തല്ലിക്കോട്ടേ.
അഭിമാനത്തിൻ നാളം ജ്വലിച്ചാൽ—ജ്വലിച്ചാലീ
ഭുവനം മരുവനമായേക്കും, നീറായേക്കും
നിന്നിലുണ്ടൊരു ബാലപ്രഹ്ലാദൻ സഹനത്തിൻ
ചെന്തീയിലപ്പൊന്നൊരു തങ്കമായ്ത്തിളങ്ങീടും.

## ലേഖകന്മാരോട്

ലേഖനങ്ങൾ, കടലാസ്സിൻെറ ഒരു ഭാഗത്തു് മാത്രം, മഷികൊണ്ടു് വൃത്തിയായി എഴുതി അയക്കേണ്ടതാണു്. ലേഖകന്മാരുടെ വിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച കവറുകൾ അടക്കംചെയ്തിട്ടുള്ള ലേഖനങ്ങൾ, പ്രസിദ്ധീകരിക്കാത്തപക്ഷം മടക്കിഅയക്കുന്നതാണു്. മറേറതെങ്കിലും പത്രത്തിന്നു് അയച്ചുകൊടുത്തിട്ടുള്ള ലേഖനങ്ങളും കവിതകളും മററും കളരിയിലേക്കു് അയക്കാതിരിപ്പാനപേക്ഷ. വിജ്ഞേയങ്ങളായ ലേഖനങ്ങൾ, കവിതകൾ, കഥകൾ മുതലായവ ക്ഷണിച്ചുകൊള്ളുന്നു.

പത്രാധിപർ.

# വെളിച്ചത്തിലേക്ക്.


(ബേബി വത്സല)

വളർന്നുവരുന്ന ഒരു കൊച്ചു നർത്തകി.

കലാസാഗറിന്റെ തിരമാലയിൽ ഉപനായികയായി പ്രത്യക്ഷപ്പെട്ടു്, കേരളത്തിലെ ജനങ്ങളുടെ കണ്ണും കരളും കവർന്ന ആ കൊച്ചുനർത്തകി—ബേബി വത്സല—യെ അറിയാത്ത കലാപ്രേമികൾ കേരളത്തിൽ അധികമുണ്ടായിരിക്കയില്ല.

ഊട്ടകമണ്ട്, അഗ്രികൾച്ചറൽ ഡിപ്പാർട്ടു്മെൻറിൽ ഒരു ഉയന്ന ഉദ്യോഗസ്ഥനും തൃശ്ശിവപേരൂർ സ്വദേശിയുമായ കെ. രാമൻ മേനോൻ അവർകളാണ് വത്സലയുടെ വന്ദ്യ പിതാവ്. ഉദ്ദേശം പന്ത്രണ്ടു് വയസ്സു മാത്രം പ്രായമായ വത്സല തൃശ്ശൂർ, വി. ജി. ഹൈസ്കൂളിൽ മൂന്നാംഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ബാല്യത്തിൽതന്നെ വത്സലയിൽ പ്രകടമായി കണ്ട നൃത്തകലാഭിരുചിയെ, കലാബോധമുള്ള പിതാവ് സവിശേഷം പ്രോത്സാഹിപ്പിച്ചുവന്നു.

വി. എൻ. നായരുടെ കീഴിലാണ് വത്സല നൃത്തം അഭ്യസിക്കാൻ ആരംഭിച്ചതു്. ഇപ്പോൾ ഷാഡോ ഗോപിനാഥന്റെ കൂടെയാണ് പഠിക്കുന്നതു്. ഭാവിയിൽ ഒരു നല്ല നർത്തകിയെ നമുക്ക് കാണാൻ കഴിയുമെന്നുള്ളതിനു സംശയമില്ല— വേണ്ടത്ര പ്രോത്സാഹനം കൊടുക്കുന്നപക്ഷം.



ബേബി വത്സലയും മാസ്റ്റർ സുരേന്ദ്രനും
"വ്യാധനൃത്ത"ത്തിലെ ഒരു ഭാഗം.

സോഷ്യലിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയസമ്മേളനത്തിൽ കുറിപ്പുറത്തുവെച്ചും, തൃശ്ശൂർ എക്സിബിഷ്യൻ ഗ്രൌണ്ടിൽവെച്ചും മററും നടന്ന വത്സലയുടെ നൃത്തങ്ങൾ, ആ കൊച്ചു നടിയുടെ നൃത്തകലാപ്രാവീണ്യത്തെ തികച്ചും പ്രത്യക്ഷപ്പെടുത്തിയിരുന്നു.

ശിവപാർവ്വതീനൃത്തം, ഭാരതസ്ത്രീകൾ തൻഭാവശുദ്ധി, കാമുകൻ, മീരയുടെ സ്വപ്നം കൃഷ്ണസുദാമ കഥാരിനൃത്തം പാമ്പാട്ടി മുതലായവയാണ് വത്സലയുടെ പ്രധാന നൃത്തങ്ങൾ. ഈ കൊച്ചുകലാകാരിക്ക് ഞങ്ങൾ മംഗളം നേരുന്നു.

—ഗോപാലകൃഷ്ണൻ.


തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോട്ടിന്നു് മുൻവശം നടത്തിവരുന്ന

**ഹോട്ടൽ ഗ്രീൻലാൻറിൽ**

**ബ്രാണ്ടി, വിസ്കി, ജിൻ, വൈൻ, ബീർ**

മുതലായ എല്ലാതരം ശീമമദ്യങ്ങളും മിതമായ നിരക്കിൽ ചില്ലറയായി വിററുവരുന്ന വിവരം എവരേയും സസന്തോഷം അറിയിച്ചുകൊള്ളുന്നു.

ഇതിന്നുപുറമെ ശുചിയും, രുചിയും ഉള്ള ഭക്ഷണവും ബിരിയാനി സ്പെഷലിസ്റ്റാൽ തയ്യാറാക്കുന്ന ചൂടുള്ള ബിരിയാനിയും എല്ലായ്പോഴും തയ്യാർ. മാനേജർ.

# ആയുർവ്വേദാചാര്യന്മാരും ത്രിദോഷസിദ്ധാന്തവും

വൈദ്യരത്നം, പി. സി. ഗോവിന്ദൻ നായർ.

ഇന്നത്തെ ആംഗ്ലേയ വൈദ്യന്മാർക്ക് അറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത വാതപിത്തകഫങ്ങളെപ്പററി ശാസ്ത്രാരംഭകാലംമുതൽതന്നെ ഭാരതീയമായ ആയുർവേദഗ്രന്ഥങ്ങളിൽ അതിപ്രാധാന്യമായ ഒരു സിദ്ധാന്തമായി ആചാര്യന്മാർ അംഗീകരിച്ച് പ്രതിപാദിച്ചുകാണുന്നു. അഖില ചരാചരങ്ങളേയും വെവ്വേറെ എടുത്തു വിശകലനംചെയ്തു ഗുണദോഷങ്ങളെ വെളിപ്പെടുത്തുവാൻ ശക്തമായ ഇന്നത്തെ ആ സയിൻസിന്ന് എന്തുകൊണ്ട് ഈ ത്രിദോഷങ്ങളെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഒന്നുകിൽ ത്രിദോഷങ്ങൾ എന്നു പറയപ്പെടുന്ന വാതപിത്തകഫങ്ങൾ തന്നെ ഇല്ലായിരിക്കാം. അല്ലെങ്കിൽ അവരുടെ പരിശോധന പൂർത്തിയായിട്ടില്ലായിരിക്കാം. ശരീരശാസ്ത്രജ്ഞന്മാരായ പാശ്ചാത്യന്മാർ ശരീരത്തെ വിഭജിച്ച് അതിന്റെ അവിഭാജ്യഘടകമായ സൂക്ഷ്മാണുവിന്റെ ജീവകേന്ദ്രംവരെ എത്തിനോക്കിയതായി നാം അറിയുന്നു. പക്ഷെ നമ്മുടെ വാതപിത്തകഫങ്ങൾ അവിടെയെങ്ങും അവർ കണ്ടില്ല. അതുകൊണ്ടു വാതപിത്തകഫങ്ങൾ മൂന്നു വസ്തുവല്ലെന്നുതന്നെ അനുമാനിക്കേണ്ടതായിരിക്കുന്നു. ഏതായാലും നമ്മുടെ ശാസ്ത്രത്തിൽ കടന്നു ഒന്നു ചിന്തിക്കാം.



"വിസർഗ്ഗാദാന വിക്ഷേപൈഃ
സോമ സൂര്യാനിലായഥാ
ധാരയന്തി ജഗ, ദ്ദേഹം
കഫപിത്താനിലസ്തഥാ"

സോമസൂര്യാനിലന്മാർ വിസർഗ്ഗാദാന വിക്ഷേപങ്ങളെക്കൊണ്ട് ജഗത്തിനെ എപ്രകാരം ധരിക്കുന്നുവൊ അപ്രകാരം വാതപിത്തകഫങ്ങൾ ദേഹത്തെ ധരിക്കുന്നുവെന്നാണ് സുശ്രുതാഭിമതം.

"പവനാഗ്നി സോമന്മാരാണ് വാതപിത്ത കഫങ്ങളെന്നു" ചരകനും, "വായ്വാകാശധാതുഭ്യാം വായു രാഗ്നേയം പിത്തമംഭഃപൃഥിവീഭ്യാം ശ്ലേഷ്മാ" എന്നിങ്ങിനെ വാഗ്ഭടനും പറയുന്നു. ത്രിദോഷത്തെ സംബന്ധിച്ചേടത്തോളം ഇന്നു ചരകാഭിമതമാണ് കേരളീയവൈദ്യന്മാർ അംഗീകരിച്ചിട്ടുള്ളത്. വടക്കെ ഇന്ത്യയിലെ പ്രമുഖപണ്ഡിതനായഗണനാഥസൻ ആകട്ടെ ഈ അഭിപ്രായത്തെ അല്പംകൂടി ഭേദപ്പെടുത്തി.

അഥാദൌ ദ്വിവിധാ ഏതേ
പ്രസാദമല ഭേദതാ?
സാരഭൂതാ പ്രസാദാസ്സ്യുഃ
കിട്ടഭൂതാ മലാഃ സ്മൃതാഃ
തേച പ്രസാദാ ദ്വിവിധാഃ
സൂക്ഷ്മസ്ഥൂല വിഭേദതഃ
തത്രവായുസ്സദാസൂക്ഷ്മ-
ഇതരൌതു ദ്വയാത്മകൌ
മലഭൂതൌ തു നിയതാ
സ്ഥൂലൌ പിത്തകഫൌസ്മൃതൌ
തേ പ്രാകൃതഃ പ്രസാദാസ്സ്യു
വൈകൃതാ മലസംജ്ഞകാഃ

ത്രിദോഷങ്ങൾ ഓരോന്നും പ്രസാദം മലം എന്നിങ്ങനെ രണ്ടാകുന്നു. സാരം പ്രസാദവും മലം കിട്ടവുമാകുന്നു. പ്രസാദം സ്ഥൂലസൂക്ഷ്മ ഭേദേന രണ്ടായി വിഭജിക്കുന്നു. പ്രസാദം നിത്യവും മലം അനിത്യവും വികൃതവുമാകുന്നു. എന്നാണ അഭിപ്രായപ്പെടുന്നത്. പഞ്ചഭൌതീകവസ്തുക്കൾ ഇന്ദ്രിയഗോചരവും നശ്വരവുമാകുന്നു. എന്നാൽ പഞ്ചഭൂതാത്മകമായി അതിന്നുതന്നെ നിദാനമായി ഒരു സത്ത, ഒരു ശക്തി അവ്യക്തമായി നിലനിൽക്കുന്നുണ്ട്. അത് ഇന്ദ്രിയഗ്രാഹ്യമല്ല. ആ സത്തയെ ആത്മാവെന്നും, ഭൌതികമായ ജഡത്തെ ശരീരമെന്നും നാം വ്യവഹരിക്കുന്നു. മനുഷ്യന്റെ ദ്വിവിധമായ ആ നിലയിൽ ത്രിദോഷങ്ങൾ ഏത് ഘടകത്തോട് ചേർന്നിരിക്കുന്നു എന്നാണ ചിന്തി

(ശേഷം 4-ാംപേജിൽ)

# കളരിപ്പണിക്കർ (കുറുപ്പ്) സമുദായത്തോട് ഒരു അഭ്യർത്ഥന.

(എ. വി. എസ്സ്. പണിക്കർ.)

കളരിപ്പണിക്കർ, കളരികുറുപ്പ് എന്നും ആശാന്മാർ, ഗുരുനാഥന്മാർ എന്നും ദേശഭേദാനുസരണം അഭിസംബോധനം ചെയ്തുവരുന്ന നമ്മുടെ സമുദായത്തിന്റെ ശോചനീയസ്ഥിതി എവക്കും അറിവുള്ളതാണല്ലോ. പരശുരാമ പ്രതിഷ്ഠിതങ്ങളും പൌരാണിക വിദ്യാനികേതനങ്ങളുമായ കളരികളിലെ ഗുരുസ്ഥാനങ്ങളെ സ്വീകരിച്ചു തങ്ങളുടെ കലാവൈശിഷ്ട്യത്തേയും ശാസ്ത്രനൈപുണ്യത്തേയും അപരിചിതരും വിദ്യാഭ്യാസ ശൂന്യരുമായിരുന്ന കേരള ആദിമനിവാസികളിൽ പ്രചരിപ്പിച്ച് യശസ്സും കീർത്തിയും സമ്പാദിച്ചവരാണ് നമ്മുടെ പൂർവ്വികന്മാർ, അത്രതന്നെയല്ല ബ്രാഹ്മണക്ക് മാത്രം അക്കാലത്തിൽ കൈകാര്യം ചെയ്യുവാനവകാശമുണ്ടായിരുന്ന "വേദ"ങ്ങളിൽകൂടി ഇവർ സ്വച്ഛന്ദം വിഹരിച്ചിരുന്നു എന്നുള്ളതുതന്നെ അവരുടെ മഹത്വത്തിന്നു നിദർശനമാണ്.

ഇത്തരം മഹാരഥന്മാരുടെ പിൻഗാമികളായ നമ്മൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമുദായികമായും അധഃപതിപ്പാനുള്ള ഹേതു എന്താണെന്നു ചിന്തിച്ചുനോക്കാം.

ബ്രിട്ടീഷ്ഭരണത്തിന്റെ ആവിർഭാവത്തോടെ നവീനങ്ങളായ ആയുധസാമഗ്രികളുടെ പ്രചാരം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരികയും ഗുരുകുലവിദ്യാഭ്യാസം നാമാവശേഷമായിതീരുകയും ചെയ്തു. തദ്വാരാ പൌരാണിക വിദ്യാഭ്യാസകേന്ദ്രമായ കളരികൾ അപ്രധാനങ്ങളാവുകയും, ശാസ്ത്രജ്ഞരും ആയോധനപടുക്കളുമായ കളരി ഗുരുനാഥന്മാരുടെ ആവശ്യകത ഇല്ലാതാവുകയും ക്രമേണ തങ്ങളുടെ പരിതഃസ്ഥിതി ക്ഷയോന്മുഖമായി പരിണമിക്കയും പിൻഗാമികളായ നമ്മളെ കാലോചിതമായി വിദ്യാഭ്യാസം ചെയ്യിപ്പിക്കാനുള്ള സാമ്പത്തികമായ കഴിവ് പൂർവ്വികക്കില്ലാതാകുകയും ചെയ്തു.

ഇങ്ങിനെ നാശഗർത്തത്തിലേക്ക് ദൈനംദിനം ആണ്ടുപോകുന്ന നമ്മുടെ സമുദായത്തെ പുനരുദ്ധാരണംചെയ്യേണ്ട കാലം വൈകിയിരിക്കുന്നു. സാമ്പത്തികാധഃപതനത്തിൽ അടിയുറച്ചുനില്ക്കുന്ന ഈ സമുദായത്തെ സംഘടനാശക്തികൊണ്ടല്ലാതെ ഉദ്ധരിപ്പാൻ സാദ്ധ്യമല്ല. ഈ ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനവധി സംഘടനകൾ ഉടലെടുക്കുകയും വ്യക്തിവിദ്വേഷത്തിന്റേയും അസൂയയുടേയും ഫലമായി അവയെല്ലാം ഓരോ കാലഘട്ടങ്ങളിലായി നാമാവശേഷമാവുകയും ചെയ്തു. എന്നാൽ ആ മാനസികദോഷങ്ങളെ ഏറെക്കുറെ അതിജീവിച്ചുംകൊണ്ടു് കളരിക്കുറുപ്പു (പണിക്കർ) സംഘം എന്ന പേരിൽ ഒരു സംഘടന തിരുകൊച്ചിയിൽ ഇന്നു പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആയതിനെ പോഷിപ്പിച്ച് വേണ്ടവിധം പ്രവൎത്തനങ്ങളെകൊണ്ടു് നമ്മുടെ സമുദായത്തിന്ന് അഭിവൃദ്ധിയുണ്ടാക്കിതീർക്കുവാൻ പരിശ്രമിക്കേണ്ടതു് ഓരോ സമുദായാംഗങ്ങളുടേയും കർത്തവ്യമാകുന്നു.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് രാജ്യഭരണം പൊതുജനങ്ങളിൽ നിക്ഷിപ്തമായതോടെ നമ്മെപ്പോലെയുള്ള ചെറുകിട സമുദായങ്ങൾ അവരുടെ കാര്യങ്ങൾ നിർവ്വിഘ്നം നിർവ്വഹിച്ചുകഴിഞ്ഞു. സംഘടനാടിസ്ഥാനത്തിന്മേലാണല്ലോ അവരെല്ലാം വിജയിച്ചതു്. നമ്മുടെ സംഘടന നാളിതുവരെ ദൌർബല്യാവസ്ഥയിലാണ് കിടക്കുന്നതു്. ഇതു് വിജ്ഞരെന്നു് അഭിമാനിക്കുന്ന നമുക്കു തികച്ചും ഭൂഷണമല്ല.

1954-ൽ

ബഹുമാനപ്പെട്ട ഇന്ത്യാഗവമ്മേണ്ടിൻെറ പിന്നോക്കസമുദായ കമ്മീഷൻ മുമ്പാകെ കളരിക്കുറുപ്പ് (കളരിപ്പണിക്കർ) യുവജനസംഘത്തിന്നുവേണ്ടി ആക്ഷൻകമ്മററി പ്രസിഡണ്ട് അവണങ്ങാട്ടുകളരിക്കൽ സുബ്രഹ്മണ്യപ്പണിക്കർ സമൎപ്പിച്ച

# മെമ്മോറാണ്ടം.

കേരളക്കരയിൽ 'കളരിപ്പണിക്കർ' എന്നും 'കളരിക്കുറുപ്പ്'' എന്നും ദേശഭേദാനുസരണം അഭിസംബോധനം ചെയ്തുവരുന്ന "കളരിക്കുറുപ്പ്(പണിക്കർ)"സമുദായം തൃശ്ശിവപേരൂർ ഡിസ്ത്രിക്ടിൽ അവിടവിടേയും, പഴയ തിരുവിതാംകൂറിൽ കൊച്ചിയോടടുത്ത അതിർത്തിപ്രദേശങ്ങളിലും, മലബാർ ഡിസ്ത്രിക്ടിൽ ചില സ്ഥലങ്ങളിലും അധിവസിച്ചുവരുന്ന ഒരു അവൎണ്ണസമുദായമാണ്. പുരാതനകാലം മുതല്ക്കുതന്നെ ആയുധാഭ്യാസികളും, ആയോധനപടുക്കളും, ദേശസേവനതല്പരരുമായിരുന്ന പൂൎവ്വികന്മാർ ആയോധനവിദ്യാഭ്യാസത്തിന്നുവേണ്ടി നിൎമ്മിതമായ കളരികളിൽ പൌരന്മാരെ കച്ചകെട്ടി ആയുധാഭ്യാസം ചെയ്യിക്കുകയും, ആയോധനമുറകൾ പഠിപ്പിക്കുകയും ചെയ്തിരുന്നു. കളരി ആശാന്മാരെന്നും, ലോപിച്ച് ആശാന്മാരെന്നും, ഗുരുനാഥന്മാരെന്നും ഇന്നും ഈ സമുദായത്തെ അറിഞ്ഞുവരുന്നു ബ്രിട്ടീഷുഭരണാവിർഭാവത്തോടെ നവീനയുദ്ധസാമഗ്രികൾ പ്രചാരത്തിൽ വരികയും, വടി, കുന്തം, വാൾ, പരിച, വേൽ, വില്ല് തുടങ്ങിയ പഴയ യുദ്ധസാമഗ്രികൾ ഉപയോഗശൂന്യമാവുകയും ചെയ്തപ്പോൾ നാടുവാഴികളുടേയും, പ്രഭുക്കന്മാരുടേയും ആയോധനങ്ങളിൽ പ്രാമുഖ്യം വഹിച്ചുപോന്നിരുന്ന കളരികളുടേയും കളരി ആശാന്മാരുടേയും ആവശ്യകത ഇല്ലാതാവുകയും ആശാന്മാൎക്ക് ഉപജീവനമാൎഗ്ഗംകൂടി വേറെ ആരായേണ്ടിവരികയും ചെയ്തതിൻെറ ഫലമായി പ്രസ്തുത സമുദായം ഉത്തരോത്തരം അധഃപതനത്തിലേക്ക് ആണ്ടുപോവുകയും ചെയ്തു. പുരാതന കളരികൾ അധഃപതിച്ച നിലയിലാണെങ്കിലും ഇന്നും അവിടവിടെ കണ്ടുവരുന്നുണ്ട്. ജോതിഷം, വൈദ്യം തുടങ്ങിയ ശാസ്ത്രോപാധികൾ അഭ്യസിച്ച് ഉപജീവനം നയിക്കുകയും, കായികാഭ്യാസത്തിൻെറ വില നിഃശ്ശേഷം വിസ്മരിക്കുകയും ചെയ്തതു് ഇന്നത്തെ ശോചനീയ സ്ഥിതിക്ക് മറെറാരു കാരണമാണ്.

---

നാമൊത്തൊരുമിച്ച് ശ്രമിക്കണം നമ്മുടെ അവശതയെ; ആവശ്യങ്ങളെ, ഗവമ്മേണ്ടു ശ്രദ്ധയിൽപ്പെടുത്തി നമ്മൾക്ക് വീണ്ടും സമുദായാംഗങ്ങൾ ഒന്നിച്ചുചേരുക എന്നുള്ളതു് ക്ഷിപ്രസാദ്ധ്യമല്ല — ആശയങ്ങളെ പരസ്പരം വിനിമയം ചെയ്യേണ്ടതായുള്ള ഒരു പദ്ധതി ഇന്നു തികച്ചും ആവശ്യമായിത്തീൎന്നിരിക്കുന്നു. ഇതിന്നായി നമ്മുടെ സംഘടന ആലോചിച്ചതിൽ സംഘടനയുടെ മുഖപത്രമായി ഒരു പ്രതിമാസിക പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ചു സമാരംഭിക്കപ്പെട്ടിട്ടുള്ളതുമാണ് ഈ "കളരി". വ്യക്തിവിദ്വേഷമോ ഉച്ചനീചമനോഭാവമൊ കൂടാതെ ഏകയോഗക്ഷേമത്തിന്നായി പ്രവൎത്തനം ചെയ്യുവാനൊരുങ്ങി പുറപ്പെടുന്ന ഈ കളരിക്ക് വേണ്ടതായ പ്രോത്സാഹനങ്ങൾചെയ്തും സാമ്പത്തിക ഭദ്രതയെ ലക്ഷ്യമാക്കി ഉദാരമായ സംഭാവനകൾ ചെയ്തും ചെയ്യിപ്പിച്ചും സംരക്ഷിക്കേണമെന്നും "കളരിക്കുറുപ്പ് (പണിക്കർ) സംഘത്തിൻെറ" ഒരു എളിയ പ്രവൎത്തകനെന്നനിലയിൽ ഞാൻ അഭ്യൎത്ഥിച്ചുകൊള്ളുന്നു.

വിശിഷ്യ നമ്മുടെ സമുദായത്തിൻെറ നാനാവിധ അവശതകളെ പരിഗണിച്ചുള്ള മെമ്മോറാണ്ടങ്ങൾ തിരുകൊച്ചി ഗവമ്മേണ്ടിലും, ഇന്ത്യാഗവമ്മേണ്ടിലും നമ്മുടെ സംഘടന നിവേദനം ചെയ്തിട്ടുണ്ടു്. അതിൽ ചിലതു താഴെ ചേൎക്കുന്നുണ്ടു്. ബാക്കി അടുത്തലക്കത്തിൽ പ്രസിദ്ധീകരിച്ചുകൊള്ളാം.

മേലുദ്ധരിച്ച കാരണങ്ങളാലും മററു കാരണങ്ങളാലും "കളരിക്കുറുപ്പ് (പണിക്കർ)" സമുദായം സാമ്പത്തികമായും, സാമുദായികമായും, വിദ്യാഭ്യാസപരമായും ഇന്ന് ഏററവും പിന്നണിയിൽ സ്ഥിതിചെയ്യുന്നു. ടി. സമുദായത്തിലെ 99ശതമാനം വ്യക്തികളും ദരിദ്രരാണ്. ഭൂമിയുടെ ഉടമാവകാശമുള്ളവർ വളരെ വിരളമാണു; ഉള്ളവർക്കുതന്നെ പ്രവർത്തിച്ചെടുത്തു ജീവിക്കുവാൻമതിയാകത്തക്കവണ്ണം ഇല്ലതാനും. ഈ സമുദായത്തെ തീണ്ടൽജാതിയായിട്ടാണ് മററുള്ള അവർണ്ണർ കണക്കാക്കിയിട്ടുള്ളതു. ക്ഷേത്രപ്രവേശനം നിഷിദ്ധമായിരുന്നു ഇതുതന്നെ സമുദായത്തിന്റെ പുരോഗതിക്കു വിഘാതമാണല്ലൊ.

ആധുനികവിദ്യാഭ്യാസപരമായി ഏററവും പിന്നണിയിലാണു ഇന്നത്തെ നില. പതിനായിരത്തിൽ പരം ജനസംഖ്യയുള്ള ഈ സമുദായത്തിൽനിന്നു ഒരേ ഒരു ബി. എൽ ബിരുദധാരിയും, 4 ബി. എ ക്കാരും 75 എസ്സ്. എസ്സ്. എൽ. സി പാസ്സായവരും, 10 ഡിപ്ലോമക്കാരും മാത്രമേയുള്ള എന്നുള്ള ശോചനീയമായ പരമാർത്ഥം ഈ വസ്തുതയെ ശരിയായി പ്രകടമാക്കുന്നുണ്ടു. ഇവരേയും അല്പംചില സംസ്കൃതവിദ്വാന്മാരേയും ഒഴിച്ചാൽ സമുദായത്തിലൊട്ടാകെ നിരക്ഷരതയാണു കാണുക. ചുരുക്കിപ്പറഞ്ഞാൽ മററുള്ള പിന്നോക്കസമുദായങ്ങളെ അപേക്ഷിച്ചു ഈ സമുദായം ഏററവും ദരിദ്ര്യവും, നിരക്ഷരവും സഹകരണബോധമില്ലാത്തതും അന്ധവിശ്വാസജഡിലവും ക്ഷയോന്മുഖവുമാണെന്നു പറയേണ്ടിയിരിക്കുന്നു.

## I. Criteria.

ഈ ശീർഷകത്തിൻകീഴിൽ പറഞ്ഞിട്ടുള്ളതിനു പുറമേ ഒരു സമുദായം അധഃകൃതമാണോ എന്നു പരിശോധിക്കുന്നതിൽ ടി. സമുദായം സാമാന്യേന ഉപജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള തൊഴിൽ ഏതാണെന്നും, അതു നവീനലോകത്തിൽ എത്രത്തോളം പ്രയോജനകരമാണെന്നും അതുകൊണ്ടു സമുദായം എത്രമാത്രം പുരോഗമിക്കാമെന്നുംകൂടി ആലോചിച്ചു സമുദായത്തിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കേണ്ടതാണു. അങ്ങിനെ നോക്കുമ്പോൾ "കളരിക്കുറുപ്പ് (പണിക്കർ)" സമുദായം, സാമ്പത്തികമായും, സാമുദായികമായും, വിദ്യാഭ്യാസപരമായും ഏററവും പിന്നണിയിലാണെന്നു നിഷ്പ്രയാസം കാണാം. ഭൂസ്വത്തു സമ്പാദിക്കുവാനുള്ള കഴിവില്ലായ്മയും, ഉള്ള തൊഴിലിന്നു പ്രതിഫലം തുച്ഛമായതിനാലും, ഇതരസമുദായങ്ങളുമായി ബന്ധം പുലർത്തുവാൻ സാദ്ധ്യമാകാത്തതിനാലും, ഭൂരിപക്ഷം മാമൂൽപ്രിയരും അന്ധവിശ്വാസികളുമായതിനാലും, അഭ്യസ്തവിദ്യർ ഏററവും തുച്ഛമായതിനാലും, വിദ്യാഭ്യാസമുള്ളവർക്കുതന്നെ ഗവർമ്മെണ്ടിൽനിന്നുകൂടി ശരിയായ നേതൃത്വവും പ്രോത്സാഹനവും നൽകാത്തതിനാലുമാണ് ഈ സമുദായം ലേശംപോലും ഉൽക്കർഷത്തെ പ്രാപിക്കാത്തതു.

## II. Rivision of lists.

മേലുദ്ധരിച്ച യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ പ്രസിഡണ്ടിന്റെ കല്പനപ്രകാരമുള്ള ലിസ്റ്റ് പുതുക്കേണ്ടതാണെന്നുള്ള അഭിപ്രായമാണ് ഈ സമുദായത്തിനുള്ളതു. അഥവാ പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസപരവും, പബ്ളിക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിനെ സംബന്ധിച്ചും ഉള്ള ആനുകൂല്യങ്ങൾ സർവ്വതോമുഖമായ അവശതകൾ അനുഭവിക്കുന്ന കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തിനും അനുവദിക്കേണ്ടതാണു. തീണ്ടൽ നിശ്ശേഷം നശിപ്പിക്കുകയും, സമുദായങ്ങൾ തമ്മിൽ പരസ്പരവിശ്വാസവും ധാരണയും ഉണ്ടാക്കുകയും ചെയ്തതിനുശേഷം ചില പ്രത്യേക ആനുകൂല്യങ്ങൾ ഓരോ സമുദായത്തിന്റേയും യഥാർത്ഥസ്ഥിതി പരിശോധിച്ചു നൽകുകയും ചെയ്യുന്നതിന്നു വിധേയമായി എല്ലാ പിന്നോക്കസമുദായങ്ങളേയും ഒന്നായി കണക്കാക്കുന്നതു നന്നായിരിക്കും.

## III. Population

തിരുകൊച്ചിയിൽ ഒട്ടാകെ 92 ലക്ഷത്തിൽപരം ഉണ്ടു ജനസംഖ്യ. അതിൽ കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തിൽ ഒട്ടാകെ 10000ത്തിൽപരമേയുള്ളു. രാജ്യത്തിൽ അവിടവിടെയായിട്ടാണ് ഇവർ താമസിച്ചുവരുന്നതു; അല്ലാതെ കോളനികളായിട്ടല്ല. ഭൂരിപക്ഷം അംഗങ്ങളും മററു ജോലിക്കാരാണ്. (Q - 17 - IV) ശേഷമുള്ളവർ നിർദ്ധനന്മാരുമാണ്. (Q - 17 - V) 1951-ലെ സെൻസസ്സിൽ ജാതിവിവരം വേണ്ടെന്നുവെച്ചതുകൊണ്ടു സമുദായാംഗങ്ങളുടെ യാഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ വിഷമമുണ്ട്. അതുകൊണ്ടു അടുത്ത സെൻസസ്സിൽ ജാതി തിരിച്ചുള്ള കണക്കു കാണിക്കേണ്ടതാണെന്നുള്ള അഭിപ്രായമാണ് ഈ സമുദായത്തിന്നുള്ളതു.

# IV. Occupations, Trades & Professions

തിരു–കൊച്ചിയിൽ കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തിന്ന് 10000ത്തിൽപരമാണ് സംഖ്യാബലമുള്ളതു്. മുൻപറഞ്ഞതുപോലെ കളരികളിൽ പൌരന്മാരെ കച്ചകെട്ടി ആയുധാഭ്യാസം പരിശീലിപ്പിക്കുകയും, ആയോധനമുറകൾ പഠിപ്പിക്കുകയുമായിരുന്നു പൂർവ്വികന്മാരുടെ തൊഴിൽ. നവീന യുദ്ധസാമഗ്രികളുടേയും, ആയോധനമുറകളുടേയും പ്രചാരംമൂലം കളരിക്കുറുപ്പന്മാരുടെ പ്രഭാവവും, പ്രാധാന്യവും നിശ്ശേഷം നശിക്കുകയും ചെയ്തു. തന്മൂലം ജീവിതമാർഗ്ഗങ്ങൾ ആരാഞ്ഞ കൂട്ടത്തിൽ ജ്യോതിഷവും, വൈദ്യവും പ്രധാന തൊഴിലായി സ്വീകരിക്കുകയും, ഈ മാററം സമുദായത്തെ ക്രമേണ അധഃപതിപ്പിക്കുകയും ചെയ്തു. പരസ്പരസഹായാടിസ്ഥാനത്തിൽ പ്രത്യേകം കുടിൽവ്യവസായങ്ങൾ സംഘടിപ്പിക്കുന്നതു ഇത്തരുണത്തിൽ പ്രത്യേകം ഉപകാരപ്രദമായിരിക്കും.

# V. Political

പിന്നോക്കസമുദായോദ്ധാരണവകുപ്പ് എന്ന ഒരു ഡിപ്പാർട്ടുമെൻറ് തിരു–കൊച്ചി സ്റ്റേററ് ഗവമ്മേണ്ടിൽ ഉണ്ടു്. അതു് പട്ടികജാതിക്കാക്കു മാത്രമേ ഉപകരിക്കുന്നുള്ളു. സമുദായത്തിന്ന് സംഖ്യാബലം കുറവായതുകൊണ്ടും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവശതകൾകൊണ്ടും പാർല്ലിമെൻറിലോ അസംബ്ളിയിലോ പ്രാദേശിക സഭകളിലോ പഞ്ചായത്തുകളിൽ തന്നെയോ യാതൊരു പ്രാതിനിദ്ധ്യവും ഇല്ല എന്നുള്ള വസ്തുത ഒരുപക്ഷെ വിസ്മയജനകമായേക്കാം.

# VI. Economic

സമുദായത്തിലെ ഭൂരിപക്ഷവും ജ്യോതിഷം, വൈദ്യം മുതലായ തൊഴിൽകൊണ്ടു് ഉപജീവനം കഴിച്ചുവരുന്നവരാകയാൽ സാമ്പത്തികസ്ഥിതി പരിതാപകരമാണെന്നു പറയേണ്ടതില്ലല്ലൊ. ഏതെങ്കിലും കൈത്തൊഴിലുകളോ കൃഷിയോ ചെയ്യുവാനുള്ള മാർഗ്ഗവുമില്ല. ഈ സമുദായത്തിൻെറ സാമ്പത്തികസ്ഥിതി ഉയർത്തുവാൻ ഗവമ്മേണ്ടു് യാതൊന്നുംതന്നെ പ്രത്യേകമായി ചെയ്തിട്ടില്ല. ഋണനിവാരണത്തിന്നു സൌകര്യപ്രദമായ വ്യവസ്ഥയിന്മേൽ ഗവമ്മേണ്ടിൽനിന്നും ധനസഹായം ചെയ്യുക, കൃഷി ഉപകരണങ്ങളും, ഭൂമികളും കാമ്യമായ വ്യവസ്ഥകളിൽ കൊടുക്കുക, വൻകിട വ്യവസായശാലകളിൽ തൊഴിൽ കൊടുപ്പിക്കുക, കോളേജ്കളക്കടം എല്ലാ വിദ്യാലയങ്ങളിലും സ്റ്റൈപ്പൻെറാടുകൂടിയ പരിപൂർണ്ണ സൌജന്യവിദ്യാഭ്യാസം അനുവദിക്കുക, പബ്ളിക് സവ്വീസിൽ ഈ സമുദായത്തിൽപ്പെട്ട അഭ്യസ്തവിദ്യക്ക് കൂടുതൽ പ്രവേശനം കൊടുക്കുക, സവ്വീസിലുള്ളവക്കു സവ്വീസു് സീനിയോറിട്ടി മാത്രം നോക്കാതെ പരീക്ഷയോഗ്യതനുസരിച്ചു് സമുദായോദ്ധാരണത്തെ മുൻനിർത്തി തക്കതായ സ്ഥാനങ്ങളിലേക്ക് പ്രമോഷൻകൊടുക്കുക, പ്രാപ്തന്മാരായ അപേക്ഷകക്ക് വ്യവസായങ്ങൾ ചെയ്യുവാൻ ദീഘകാലധനസഹായപദ്ധതികൾ ഏപ്പെടുത്തുക മുതലായവ ഗവമ്മേണ്ടിൽനിന്നു ചെയ്തുതരുന്നതായാൽ അധിക താമസംകൂടാതെ ഈ സമുദായം വളരെ പുരോഗമിക്കുമെന്നു് സമുദായത്തിന്നുവേണ്ടി ഉറപ്പു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

# VII. Social

സാമുദായികമായ അധ:പതനത്തിന്നു കാരണം സാമ്പത്തികവും, വിദ്യാഭ്യാസപരവുമാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുരോഗമിക്കുമ്പോൾ സാമുദായികമായ പുരോഗതി താനേ വന്നുകൊള്ളുമെന്ന അഭിപ്രായമാണ് ഈ സമുദായത്തിന്നുള്ളതു്. സ്ത്രീകളുടെ നില പ്രായേണ മോശമല്ല.

# VIII. Educational

തിരു–കൊച്ചിയിൽ ഒട്ടാകെ പതിനായിരത്തിൽ പരം ജനസംഖ്യ ഈ സമുദായത്തിൽനിന്നുണ്ടു്. അതിൽ 1000ത്തിൽ പരം പ്രൈമറി സ്റ്റാൻേറർഡും, 400ൽപരം മിഡിൽസ്റ്റാൻേറർഡും, 75 എസ്സ്. എസ്സ്. എൽ. സി. ക്കാരും, 4 ഗ്രാജ്വേററുകളും, (ബി. എ) 1 പോസ്റ്റ് ഗ്രാജ്വേററും, (ബി. എൽ.) 8 സംസ്കൃത ഡിപ്ലോമാക്കാരും, 2 സാങ്കേതിക ഡിപ്ലോമാക്കാരുമാണ്. വിദ്യാഭ്യാസസംബന്ധമായി നിബദ്ധസർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ ഫീസ്സിളവു് അനുവദിച്ചിട്ടുള്ളതു് ഏററവും അപയ്യാപ്തമാണ്. അധികം പേരും കോളേജുകളും, സ്കൂളുകളുമില്ലാത്ത ഉൾനാടുകളിലാണ് പാർത്തുവരുന്നതു്. അവരുടെ സാമ്പത്തിക ദുരിതമാണ് ഇതിന്നു കാരണം. അതുകൊണ്ടു് ഗവമ്മേണ്ടിൻെറ സന്മനസ്സോടുകൂടിയ സ്റ്റൈപ്പൻറില്ലാതെ പഠിപ്പിക്കുവാൻ പ്രാപ്തിയുള്ള മാതാപിതാക്കന്മാരോ, പഠിക്കാൻ പ്രാപ്തിയുള്ള വിദ്യാത്ഥികളോ വിരളമാണ്. അതുകൊണ്ടുതന്നെ മേൽപറഞ്ഞ ഫീസ്സ് സൌജന്യം അധികവും ഉപയോഗപ്പെടുന്നില്ല. കോളേജ്കളിലും മററും സീററ് സംവരണം ചെയ്തിട്ടുള്ള

ത്ത് അപര്യാപ്തമാണ്. ഈ സമുദായത്തിൽനിന്ന് അർഹരായ എല്ലാ അപേക്ഷകർക്കും കോളേജുകളിലും സാങ്കേതിക വിദ്യാലയങ്ങളിലും പ്രവേശനം നൽകേണ്ടതും വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പുകൾ, സ്റ്റൈപ്പൻറുകൾ മുതലായവ ഒരു ക്ലിപ്തകാലത്തേക്കെങ്കിലും ഏർപ്പെടുത്തേണ്ടതുമാണ്. ഈ സമുദായത്തിൽപ്പെട്ടവർക്കുംതന്നെ മറുനാടുകളിൽ വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള യാതൊരു പ്രത്യേകാനുകൂല്യങ്ങളും ചെയ്തിട്ടില്ലാ. സാങ്കേതികവിദ്യാഭ്യാസം കാര്യമാകത്തക്ക വിധത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്ത് ഈ സമുദായത്തേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## IX. Services

ഭരണഘടന 16-ാംവകുപ്പ് 4-ാംഉപവകുപ്പുപ്രകാരം യാതൊരു പ്രത്യേകാനുകൂല്യങ്ങളും കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തെ സംബന്ധിച്ച് തിരു-കൊച്ചി ഗവർമ്മേണ്ട് ചെയ്തിട്ടില്ല. സർവ്വീസിലുള്ളവർക്ക് പ്രമോഷൻെറ കാര്യത്തിൽ പ്രത്യേകാനുകൂല്യങ്ങൾ ചെയ്യേണ്ടതാണ്. പബ്ളിക് സർവ്വീസിൽ പ്രവേശിക്കേണ്ടതായ വയഃക്ലിപ്തി പട്ടികജാതിക്കാർക്ക് ചെയ്തിട്ടുള്ളതുപോലെ അയച്ചുതരേണ്ടതും ഉദ്യോഗങ്ങളിൽ പ്രവേശിക്കേണ്ട പരീക്ഷഫീസ്സ് ഇളവുചെയ്തുതരേണ്ടതും അതിന്ന് അപേക്ഷയുള്ളതും ആകുന്നു. എല്ലാ പബ്ളിക് സർവ്വീസിലും സീററ് റിസർവ്വുചെയ്തുതരേണ്ടതാണ്. സബോർഡിനെററ് ജുഡീഷ്യറിയിൽ പരീക്ഷായോഗ്യതയുണ്ടായിട്ടുകൂടി ഈ സമുദായത്തിൽനിന്നു ആരുംതന്നെയില്ല. എമ്പസി ഉദ്യോഗങ്ങളിൽ ഒരു ശതമാനം ഈ സമുദായത്തിന്നും സംവരണം ചെയ്യേണ്ടതാണ്. സെൻട്രൽ സിക്രട്ടറിയേററിലോ മററു പ്രൊവിൻഷ്യൽ സിക്രട്ടറിയേററിൽതന്നെയോ ആരുംതന്നെ ഈ സമുദായത്തിൽനിന്നില്ലെന്നുള്ളത് കഷ്ടാൽകഷ്ടതരമാകുന്നു. യൂണിയൻ ഗവർമ്മേണ്ടിൻെറ ബാഹ്യവകുപ്പിലേക്കുള്ള നിയമനങ്ങൾക്കുള്ള പരസ്യങ്ങൾ എല്ലാ പ്രധാന വർത്തമാനപ്പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്നത് പിന്നോക്കസമുദായങ്ങൾക്ക് വളരെ സഹായകമായിരിക്കും.

മേലുദ്ധരിച്ച കാര്യങ്ങളെല്ലാംതന്നെ പ്രത്യക്ഷാരം പരമാർത്ഥങ്ങൾ മാത്രമാണ്. വിസ്തരഭയത്താൽ ചുരുക്കുന്നു. കമ്മീഷൻെറ ദയവുണ്ടായി മേൽ ഉദ്ധരിച്ച സങ്കടങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കി അഗണ്യകോടിയിൽ തള്ളപ്പെട്ടിട്ടുള്ള കളരിക്കുറുപ്പ് (പണിക്കർ) സമുദായത്തിന്നു എല്ലാ തുറകളിലും അർഹിക്കുന്ന പ്രാധാന്യവും പ്രാതിനിദ്ധ്യവും ലഭ്യമാക്കിത്തീർക്കുവാൻ ശ്രമിക്കുമെന്ന ഉത്തമവിശ്വാസത്തോടുകൂടി ഈ ലഘുപത്രിക സമക്ഷത്തിങ്കൽ സമർപ്പിച്ചുകൊള്ളുന്നു.


**മഹാകവി വള്ളത്തോൾ**

അടുത്തലക്കത്തിൽ

ഒരു പുതിയ കവിത എഴുതുന്നു.



★ ALL KINDS ★

OF

**SPORTS CUPS**

AND

**PRESENTATION ARTICLES**

VISIT

**Standard Rolled Gold Jewelleries, Trichur.**

# വായനശാലയിൽ

സാഹിതീകടാക്ഷം. ഗ്രന്ഥകർത്താ: വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ, വിയ്യൂർ. പേജ് 88 വില 1ക.

ഒരു പ്രസിദ്ധകവിയും ഗദ്യകാരനുമായ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ പലപ്പോഴായി പല പത്രമാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും വിവിധ വിഷയങ്ങളെ പരാമർശിച്ചിട്ടുള്ളതുമായ പതിനൊന്നു് ഗദ്യലേഖനങ്ങളുടെ സമാഹാരമാണു് ഈ ഗ്രന്ഥം.

അലങ്കാരചാതുര്യം, കാവ്യസൌന്ദര്യം, ഭാഷാവൃത്തങ്ങൾ എന്നിവ കാവ്യത്തോടു് ബന്ധപ്പെട്ടവയാണു്. പഴയ തലമുറയുടെ അന്തരീക്ഷത്തിൽ വളൎന്നുവന്ന ലേഖകന്റെ ആശയാഭിപ്രായങ്ങൾ ഇളം തലമുറയിൽപെട്ട ചിലൎക്കു് രുചിക്കുകയില്ലെങ്കിൽ അതിൽ പരിതപിച്ചിട്ടു് കാര്യമില്ല. ശബ്ദാലങ്കാരമായാലും അൎത്ഥാലങ്കാരമായാലും വേണ്ടില്ല, ഏതൊരു കവിയിലും അലങ്കാരങ്ങൾ ഔചിത്യപൂൎവ്വം പ്രയോഗിക്കുന്നതായാൽ അതു് കാവ്യാസ്വാദനത്തിനു് മാററു കൂട്ടുമെന്ന ഗ്രന്ഥകാരന്റെ അഭിപ്രായത്തോടു് വിയോജിക്കാൻ വയ്യ. കവിതയുടെ ആത്മാവായരസത്തിന്നും സംഗീതസാന്ദ്രമായ ഭാഷാവൃത്തങ്ങൾക്കും തമ്മിലുള്ള ബന്ധത്തെയാണു് ഭാഷാവൃത്തങ്ങൾ എന്ന ലേഖനത്തിൽ വിശദമാക്കിയിട്ടുള്ളതു്.

ആസ്വാദനപക്ഷത്തുനിന്നുകൊണ്ടുള്ള ഒരു താരതമ്യപഠനമാണു് ഉള്ളൂരും, വള്ളത്തോളും എന്ന ലേഖനം. തികഞ്ഞൊരു സഹൃദയനെയാണു് നാമിതിലൂടെ ദൎശിക്കുക ഉള്ളൂരിന്റെയും വള്ളത്തോളിന്റേയും മഹാകാവ്യങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ, ഉമാകേരളം ചിത്രയോഗത്തെ അതിശയിക്കുന്നുണ്ടെന്നും, ഖണ്ഡകൃതികളെ സംബന്ധിച്ചു പറയുന്നതായാൽ വള്ളത്തോൾ ഉള്ളൂരിനേക്കാൾ മെച്ചംനേടിയിട്ടുണ്ടെന്നുമുള്ള അഭിപ്രായത്തെ ശരിവെക്കാതിരിക്കാൻ നിവൃത്തിയില്ല. വി. സി. ബാലകൃഷ്ണപ്പണിക്കർ സരസകവി പി. കെ. നാരായണൻ നമ്പീശൻ എന്നിവരുടെ ജീവിതത്തേയും കലാപ്രവൎത്തനത്തേയും കുറിച്ചുള്ളവയാണു് മററു രണ്ടു ലേഖനങ്ങൾ. ഈ രണ്ടു പേരുടേയും വ്യക്തിത്വം മനസ്സിലാക്കുന്നതിന്നു പൎയ്യാപ്തമാണു് അവ. ഒരദ്ധ്യാപകനായിരുന്ന വെള്ളായ്ക്കൽ; സ്വാനുഭവത്തിൽനിന്നും ചീന്തിയെടുത്ത "അദ്ധ്യാപക ധൎമ്മങ്ങൾ, ആത്മബോധം; വെണ്മണി പ്രസ്ഥാനം" എന്നീ ലേഖനങ്ങളും സാമാന്യം നന്നായിട്ടുണ്ടു്.

പറയുന്നതു് കാര്യമാത്രപ്രസക്തമായും വിശദമായും പറയുക എന്നതാണു് ഒരു ഗദ്യകാരനുണ്ടായിരിക്കേണ്ട പ്രധാന ഗുണമെങ്കിൽ, ഗ്രന്ഥകാരൻ അതിൽ ഒട്ടും പരാജയപ്പെട്ടിട്ടില്ല. വിഷയവിശദീകരണത്തിന്നു് കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ അല്പം കൂടിപ്പോയൊ എന്നൊരുതോന്നൽ അവശേഷിക്കുന്നു.


## TYPEWRITING.

MANUSCRIPTS ACCURATELY AND PROMPTLY TYPED — EMPHASIS LAID ON ATTRACTIVE PRESENTATION — FAULTLESS TYPEWRITING FOR THE DISCRIMINATING WRITER—Rs 1/8/- PER 1,000 WORDS — CARBONS EXTRA — DUPLICATING CHARGES ON APPLICATION.

**Western Typewriter Co.,**
(Sales & Service)
Chalissery Buildings,
Round West,
**TRICHUR.**

ഏതൊരു സാഹിത്യവിദ്യാർത്ഥിയും അവശ്യം വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് സാഹിതീകടാക്ഷം.

തത്വബോധം: ഗ്രന്ഥകർത്ത്രി ലേഡി വിദ്വാൻ വി. കെ. മാധവിയമ്മ. ദേശമിത്രം പബ്ളിഷിങ്ങ് കമ്പനി കണ്ണൂര്. പേജ് 48 വില 12ണ.

ബ്രഹ്മാനന്ദ ശിവയോഗിയുടെ തത്വങ്ങളെ അധികരിച്ചെഴുതപ്പെട്ട ഒരു ഗ്രന്ഥമാണ് തത്വബോധം. ആത്മീയലോകത്തുനിന്നും അകന്നുപോകുന്നവർക്ക്, ആത്മീയജ്ഞാനമുണ്ടാക്കുന്നതിന് ഇത്തരത്തിലുള്ള പ്രസിദ്ധീകരണം ഉപകരിക്കും.

വിഗ്രഹാരാധന അജ്ഞാനജന്യമാണെന്നും മററും അഭിപ്രായപ്പെടുന്ന സാധാരണക്കാർക്ക് മോക്ഷമാർഗ്ഗം കാണിച്ചുകൊടുക്കുന്നതു രാജയോഗമാണെന്നും അഭിപ്രായപ്പെടുന്ന ശിവയോഗി പൂജ്യപാദരുടെ അഭിപ്രായങ്ങളെ ശക്തിയുക്തം പിന്താങ്ങുന്ന ഗ്രന്ഥകർത്ത്രിയുടെ ആശയത്തോട് എല്ലാവരും യോജിക്കണമെന്നില്ല. എന്നിരുന്നാലും, വിഷയം ഏതാണ്ട് അനുക്രമമായും ലളിതമായും അവതരിപ്പിക്കാൻ ലേഖക ശ്രമിച്ചിട്ടുണ്ട്.

ഗുരുശിഷ്യ സംവാദരൂപത്തിൽ എഴുതപ്പെട്ട ഈ പുസ്തകം ആനന്ദമാർഗ്ഗ പഥികന്മാർക്ക് ഒരനുഗ്രഹമാണെന്ന് നിസ്സംശയം പറയാം.

രാ. വ

## കൈപ്പററി

1. വഴിവക്കത്തെ മാവ്. (കവിത) വെള്ളായ്യൂൽ ഗോവിന്ദമേനോൻ. പേജ് 10, വില 8ണ.

2 സാഹിത്യവിനോദം. (കവിത) മൂന്നും നാലും ഭാഗങ്ങൾ, വെള്ളായ്യൂൽ. പേജ് 36, 38. വില 12ണ.

N. B. അഭിപ്രായത്തിന് പുസ്തകങ്ങളുടെ ഈരണ്ടു പ്രതികൾ അയക്കേണ്ടതാണ്.

പത്രാധിപർ


ഭ്രാന്ത്. അത് മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്നു

ഇലക്ഷൻ പ്രചരണംകൊണ്ട് നിങ്ങളുടെ തലച്ചോറിന്നു ചൂടുതട്ടിയിട്ടുണ്ടെങ്കിൽ ഉടൻ

എറണാകുളം സൌത്ത് സ്റ്റേഷന്നു് അടുത്തുള്ള

ആയുർവേദ മെൻറൽ നേഴ്സ് ഹോമിലേക്ക് എഴുതുക.

ഓർമ്മശക്തി, ചിന്താശക്തി എന്നിവകളെ വർദ്ധിപ്പിച്ച് ഓജസ്സും വീര്യവും പ്രദാനം ചെയ്യുവാൻ തികച്ചും പര്യാപ്തമായ

സ്പെഷൽ സാരസ്വതഘൃതത്തിന്നു ഓർഡർ ചെയ്യുക.

മാനസികമായ ക്ഷീണത്തെ സമൂലം ഉന്മൂലനം ചെയ്യാൻ അവശ്യമായ നിർദ്ദേശങ്ങൾക്ക് എഴുതുക.

പ്രധാന വൈദ്യർ, വൈദ്യഭൂഷണം & വൈദ്യരത്നം കെ. പി. ഗോവിന്ദൻനായർ (മെൻറൽ സ്പെഷലിസ്റ്റ്) അവശ്യമായ സാഹായ്യങ്ങൾക്കായി എല്ലാ ദിവസവും സ്ഥലത്ത് ഉണ്ടായിരിക്കുന്നതാണ്.

എന്ന്, ജനറൽ മാനേജർ.

# !!!!! വെറും വിനോദം. ¡¡¡¡¡

(രാധാകൃഷ്ണൻ)

"അമ്മായി ഇപ്പോൾ വരും ഇവിടെ ഇരിക്കാം." പതിനഞ്ചു വയസ്സുള്ള ഒരു പെൺകുട്ടിയാണ് രവിയെ അഭിവാദ്യം ചെയ്തതു്. ഒരു തികഞ്ഞ ഗൌരവക്കാരി.

ഡോക്ടരുടെ ഉപദേശമനുസരിച്ചാണ് രവി ആ ഗ്രാമത്തിൽ എത്തിയതു്. അയാൾക്ക് ഒരുവക മാനസീകരോഗം പിടിപ്പെട്ടിരിക്കുകയാണ്. അതു മാറണമെങ്കിൽ ശുദ്ധവായുവും, സൂര്യപ്രകാശവും അത്യാവശ്യമാണത്രെ. നാലു കൊല്ലംമുമ്പ് രവിയുടെ സഹോദരി അവിടെ താമസിച്ചിരുന്നു. അവരുടെ താല്പര്യമനുസരിച്ചാണ് രവി കല്ല്യാണിഅമ്മയെ കാണുവാൻ ചെന്നതു്. രവിയുടെ സഹോദരിക്ക് കല്ല്യാണി അമ്മയെപ്പററി വളരെസന്തോഷവും ബഹുമാനവുമുണ്ട്.

"ഇവിടെയുള്ളവരെ ആരെയെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടോ?" ആ പെൺകുട്ടി ചോദിച്ചു.

"ഇല്ല. എന്റെ സഹോദരി കുറേ കൊല്ലങ്ങൾക്കു മുമ്പ് ഇവിടെ താമസിച്ചിരുന്നു. അവർ ചിലരുടെയെല്ലാം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്; അവരുടെ നിർദ്ദേശമനുസരിച്ചുമാണ് ഞാനിവിടെ വന്നതു്. കല്ല്യാണിഅമ്മക്ക് ഒരു എഴുത്തുമുണ്ട്."

"അപ്പോൾ അമ്മായിയേക്കുറിച്ച് നിങ്ങൾക്കൊന്നും അറിയത്തില്ല അല്ലേ?" ആ ഗൌരവക്കാരി തിരക്കി.

"അവരുടെ പേരും, മേൽവിലാസവും മാത്രം"— രവി സമ്മതിച്ചു. കല്ല്യാണിഅമ്മ വിവാഹിതയോ, വിധവയോ എന്നറിയുവാൻ അയാൾക്കൊരു വെമ്പൽ! എങ്കിലും അവിടെ പുരുഷന്മാർ താമസിക്കുന്നുണ്ടെന്ന് അയാൾ മനസ്സിലാക്കി.

"അമ്മായിയുടെ ജീവിതത്തിലെ ഏററവും ഭയങ്കരമായ സംഭവം നടന്നതു് മൂന്നുകൊല്ലം മുമ്പാണ്", ആ പെൺകുട്ടി പറഞ്ഞു; "നിങ്ങളുടെ ജ്യേഷ്ഠത്തിയും മററും ഇവിടെനിന്നു പോയതിനുശേഷമാണ് അതു് സംഭവിച്ചതു്."

അതുപോലെ പ്രശാന്തരമണീയമായ ഒരു ഗ്രാമത്തിൽഒരു ദുരന്തസംഭവം നടക്കുകയെന്നതു് അസംഭാവ്യമായി രവിക്ക് തോന്നി.

"ഈ തണുപ്പുള്ള രാത്രിയിൽ ആ വാതിൽ തുറന്നിട്ടിരിക്കുന്നതു് എന്തിനാണെന്നു നിങ്ങൾ അത്ഭുതപ്പെട്ടമായിരിക്കും." പുറത്തേയ്ക്കു് തുറന്നുകിടന്ന ഒരു വാതിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു അവൾ പറഞ്ഞു.

"ആ വാതിലും ആ സംഭവവുമായി എന്തെങ്കിലും ബന്ധമുണ്ടോ?" രവി തന്റെ ജിജ്ഞാസ വെളിപ്പെടുത്തി.

"മൂന്നു കൊല്ലംമുമ്പ് ഇതുപോലെ ഒരു ദിവസം അമ്മാവനും, അമ്മായിയുടെ ജ്യേഷ്ഠനും കൂടി അക്കരെയുള്ള പട്ടണത്തിൽ, അമ്മായിയുടെ പിറന്നാളിനു് വസ്ത്രങ്ങളും, സാമാനങ്ങളും വാങ്ങുവാൻ പോയതാണ്. വഞ്ചിയിലാണ് അവർ പോയതു്. പിന്നീടു അവർ തിരിച്ചുവന്നിട്ടില്ല. അന്നു് ഒരു വലിയ കാററും മഴയുമുണ്ടായി. പോരെങ്കിൽ നല്ല വെള്ളപ്പൊക്കവും. രണ്ടു ദിവസം കഴിഞ്ഞു് കുറെ ദൂരെ ഒരു മരത്തിൽ തങ്ങിനിന്നിരുന്ന വഞ്ചി കണ്ടുകിട്ടി. ഇതിലൊക്കെ സങ്കടകരമായിട്ടുള്ളതു് അവരുടെ മൃതദേഹം പോലും കണ്ടുകിട്ടാത്തതാണ്." ഇത്രയുമായപ്പോഴേക്കും അവളുടെ സ്വരം പതറി.

"അയ്യോ! കഷ്ടം! എന്തൊരു ഭയങ്കരമായ വാർത്ത!" രവി തന്റെ ഭയവും, പരിഭ്രമവും വെളിപ്പെടുത്തി.

രാധ തുടർന്നു, "പാവം അമ്മായി! അമ്മാമനും ജ്യേഷ്ഠനും എന്നെങ്കിലും തിരിച്ചുവരുമെന്നാണ് അവരുടെ വിശ്വാസം. ആ വാതലിൽക്കൂടെയാണ് അമ്മാമനും മററും പോയതു്. അതിലേതന്നെ വരുമെന്നും കരുതിയാണ് അതു തുറന്നിട്ടിരിക്കുന്നതു്. എപ്പോഴും ഈ ഒരു കാര്യം മാത്രമേ അമ്മായിക്ക് പറയുവാനുള്ളു. ഇതുപോലെയുള്ള ചില രാത്രികളിൽ അവർ കയറി

വരുന്നതായി എനിക്കുതന്നെ തോന്നിയിട്ടുണ്ട്'........''

പെട്ടെന്ന് അവരാ നിറുത്തി. ആ ശരീരമാസകലം ഒന്നു വിറച്ചു.

കല്ല്യാണിഅമ്മ ആ മുറിയിലേക്ക് വന്നപ്പോൾ രവി ആശ്വാസസൂചകമായി ഒന്നു നെടുവീർപ്പിട്ടു.

''രാധ എന്താണിത്ര ഉത്സാഹത്തിൽ പറയുന്നത്?'' അവർ ചോദിച്ചു.

''ഓ! ഒന്നുമില്ല. ഈ നാടിനേപ്പററി ചിലതെല്ലാം പറയുകയായിരുന്നു.''

''ആ വാതിൽ തുറന്നുകിടക്കുന്നതുകൊണ്ട് അസുഖമൊന്നുമില്ലല്ലോ?'' കല്ല്യാണിഅമ്മ പെട്ടെന്ന് ചോദിച്ചു; ''രാധയുടെ അച്ഛനും എന്റെ ജ്യേഷ്ഠനും കൂടി പട്ടണത്തിലേക്ക് പോയിരിക്കുകയാണ്. ആ വാതലിൽകൂടിയാണ് അവർ വരുക പതിവ്. ഇപ്പോൾതന്നെവരും. ഞങ്ങളുടെ പെരവള്ളത്തിലാണ് പോയിരിക്കുന്നത്', ഉള്ള വെള്ളവും ചെളിയുമെല്ലാം കൊണ്ടുവന്ന് ഈ മുറി മുഴുവൻ വൃത്തികേടാക്കും. എല്ലാ ആണുങ്ങളും ഇങ്ങനെതന്നെയാണോ?... .....''

കല്ല്യാണിഅമ്മ ഉത്സാഹപൂർവ്വം സംസാരിക്കുവാൻ തുടങ്ങി. രവിയ്ക്കാകട്ടെ ഇതെല്ലാം വളരെ ഭീതിജനകമായിട്ടാണ് തോന്നിയത്. സംഭാഷണം രസകരമായ ഒരു വഴിക്ക് തിരിക്കുവാൻ അയാൾ ശ്രമിച്ചു. പക്ഷെ; ഫലമൊന്നുമുണ്ടായില്ല. കല്ല്യാണിഅമ്മയുടെ ശ്രദ്ധ മുഴുവൻ വേറെ എവിടെയോ ആയിരുന്നു. അക്ഷമയോടുകൂടി തെരുതെരെ അവർ ആ വാതുക്കലേക്ക് നോക്കും. ഇങ്ങനെ ദയനീയമായ ഒരു പതനത്തിലാണല്ലോ താൻ ഇവിടെ എത്തിയത് എന്നയാൾ പരിതപിച്ചു.

''ഡോക്ടർമാരുടെ അഭിപ്രായം ഞാൻ പൂർണ്ണവിശ്രമം എടുക്കണമെന്നാണ്. മനസ്സിനും വിഷമമൊന്നും തട്ടാൻ പാടില്ല. ഭക്ഷണത്തിന്റെ കാര്യത്തിൽ വലിയ നിഷ്ക്കർഷയൊന്നും ചെയ്തിട്ടില്ല!'' രവി തന്റെ രോഗവിവരം പറയുവാൻ തുടങ്ങി.

''ഓ! അങ്ങിനെയാണോ?'' കല്ല്യാണിഅമ്മ അലക്ഷ്യമായി ചോദിച്ചു. അവരുടെ നോട്ടം അപ്പോഴും വാതില്ക്കലേയ്ക്കായിരുന്നു. ആ വാതലിൽകൂടി മഴവെള്ളം കുറേശ്ശെ അകത്തേക്ക് അടിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് അവരുടെ മുഖം പ്രസന്നമായി. ''ഓ! ഇതാ അവരെത്തിക്കഴിഞ്ഞു''; കല്ല്യാണിഅമ്മ പറഞ്ഞു, ''നനഞ്ഞു വിറയ്ക്കുന്നുണ്ട്; വല്ല പനിയും പിടിക്കാതിരുന്നാൽ മതി.''

രവിയുടെ ദേഹം മുഴുവൻ മരവിക്കുന്നതായി തോന്നി. അയാൾ അനുകമ്പാകുലനായി രാധയെ ഒന്നു നോക്കി. അവളാകട്ടെ തുറിച്ച കണ്ണുകളോടുകൂടി വാതില്ക്കലേയ്ക്ക് നോക്കിനിൽക്കുന്നു. അജ്ഞാതമായ ഒരു ഭയം രവിയെ ബാധിച്ചു. അയാളും പുറത്തേക്കു നോക്കി.

ഭയങ്കരമായ ഇരുട്ടിൽകൂടി രണ്ടുപേർ ആ വീടിനെ സമീപിക്കുന്നു. ദേഹം മുഴുവൻ നനഞ്ഞു' വസ്ത്രാഞ്ചലങ്ങളിൽനിന്ന് വെള്ളം ഇററിററ് വീഴുന്നുണ്ട്. പെട്ടെന്ന് ഗൃഹത്തിന്റെ മറെറാരു ഭാഗത്തുകൂടി ഒരു പട്ടി അവരെ സ്വീകരിക്കുവാനായി പാഞ്ഞുചെന്നു.

രവി വേഗം കുടയുമെടുത്ത് റോഡിലേക്ക് ചാടി തിരിഞ്ഞുനോക്കാതെ ഓടുവാൻ തുടങ്ങി. എതിരേ വന്ന ഒരു കുട്ടിയെ അയാൾ മറിച്ചിട്ടു. ദയനീയമായി കരയുവാൻ തുടങ്ങിയ ആ കുട്ടിയെ സാന്ത്വനപ്പെടുത്തുവാൻപോലും നില്ക്കാതെ രവി ഓട്ടം തുടങ്ങി.

''കല്ല്യാണിക്കുട്ടീ! വല്ലാതെ തണുക്കുന്നു!'' എന്നു പറഞ്ഞുകൊണ്ട് ജ്യേഷ്ഠനും പിറകെ ഭർത്താവും മുറിയിൽ കടന്നു. ''ഇവിടെനിന്നു ആരോ ഓടിപ്പോകുന്നതു കണ്ടല്ലോ. അതാരായിരുന്നു?

''പണ്ട് തെക്കേവീട്ടിൽ താമസിച്ചിരുന്ന ലളിതയുടെ അനിയനാണത്രെ. എന്തൊരു മനുഷ്യൻ! അയാൾക്ക് അയാളുടെ സുഖക്കേടിന്റെ കാര്യം മാത്രമേ പറയുവാനുള്ളു. നിങ്ങളെ കണ്ടപ്പോഴേയ്ക്കും ഒന്നും മിണ്ടാതെ അയാൾ ഓടിപ്പോയ്ക്കളഞ്ഞു. ഭൂതത്തിനെ കണ്ടു പേടിച്ചമാതിരിയാണ് ആ ഓട്ടം.''

''ആ പട്ടിയായിരിക്കും അതിന്നു കാരണം.'' രാധ പറഞ്ഞു. ''പട്ടികളെ അയാൾക്ക് വലിയ പേടിയാണത്രെ! ഒരിക്കൽ അഞ്ചാറ് പട്ടികൾകൂടി ഒരു രാത്രിയിൽ വഴിയിൽവെച്ച് അയാളെ ആക്രമിച്ചു, എന്നിട്ട് ഒരു മരത്തിൽ കയറി രക്ഷപ്പെട്ടുപോലും. ഇങ്ങനെയുള്ള മനുഷ്യരുണ്ടോ.'' അവൾ പറഞ്ഞു.

മററുള്ളവരെ ഭയപ്പെടുത്തുന്നതായിരുന്നു രാധയുടെ വിനോദം.

# THE LOVE THAT FAILED.

(K. Narayana Menon, M. A., B. T )

Radha suffered the pangs of separation from her husband for two long years and she could not suffer any longer. She set out from her happy home in the city and boarded the ship for Andaman islands to join her husband Dr. Rajan who as a conscientious doctor had established a name and fame for himself and had won universal reputation as a specialist in mental treatment. The very name of Andamans was reprehensible to her, as she knew it a God forsaken place, a place of exile for murderers, thieves and terrorists. But in her hurry to meet her husband she had completely forgotten the choking consequences of that island atmosphere.

She was standing on the deck, completely lost in a world of wonder and beauty. Bathed in the setting rays of sun her face shone with a radiance that was bewitching to the eyes. She looked more an angel than a human being.

"O! what a fine evening!"

The voice roused her from her sweet dreams and saw before her eyes a smart and young gentleman who again exclaimed. "Ah, marvellous beauty!" The unexpected sight of a stranger sent a shiver to her heart and she said with some surprise and confusion "I am sorry I did n't notice you. I was thinking about something." The stranger introduced himself to her He said he was Venugopal, a mechanical engineer who had just been transferred to his new post in a machine-building factory at Andamans.

Venugopal began the conversation by making kind enquiries about her. She said she was Mrs (Dr.) Rajan and was going to live with her husband who was working at Andamans. From her looks and manners the engineer had gathered that she was an educated and cultured lady. He asked her what she was doing. She replied "Nothing" This negative answer surprised Venugopal and he remarked, "I am indeed sorry to know that an educated and refined woman like you is keeping idle at home, without doing anything for the good of the people or the country. You have immense potentialities and what you have to do is simply to exploit them for the service of your own kith and kin It is a wonder that in a civilised age like that of ours people like you waste their lives shutting within the four walls of home, without any job when there is the maximum demand for the organised ability of the educated youths in the nation building activities."

The remarks of Venugopal went straight into the heart of Mrs. Doctor and a deep crimson rushed to her cheeks.

She felt insulted before him and she found fault with her husband for the insult and the dishonour she had to court before others. Though she put on the external appearance of dislike for the engineer's remarks, from the inner most recesses of her heart she admired him for his bold way of putting things before her. She even thought that he was a real benefactor who pointed to her the right course of action at the critical moment when she became fed up with the lonely life she had experienced so long.

Radha said: "My husband has enough income to maintain me quite comfortably and he does not like me going for any job."

"The old belief of keeping women in subjection for upholding the man's economic domination has still roots in our soil. Once women attain economic freedom from men they become really free. They can them stand on a footing of equality with men and pursue their own ideals independently. Only thus mutual respect and friendship between man and woman will grow and the true democratic society is one in which men and women are free and equal partners in life. The educated women of the present age must strive for such a society".

These words of the engineer brought home to her a new awakening-an awakening of the self. She realised her value and repented her folly. And she held her husband entirely responsible for her folly. She blamed him for detaining her in home as his slave. She realised that it was high time for her to shake herself from the bondage that tied to her husband and answer the inner call of freedom and equality. In this task she found in Venugopal her real helpmate. Her admiration and respect for him changed to affection and love. But how can she express her sentiments! She is after all the wife of anoth...

Dr. Rajan was awaiting her arrival at the port. The absence of two years had added a fresh stimulus to his love for Radha. On landing, he embraced her she introduced Mr. Venugopal to her husband Dr. Rajan invited him to his house and the latter responded by promising to call, the next morning. The doctor's car drove home. Radha strove hard to drive away from her mind the thought of Venugopal, but she miserably failed.

Radha tried to love her husband as of old. She suggested to him for finding some suitable employment for her. She said that she could not keep aloof from the day to day happenings of the world outside her home. But her husband gave a contemptuous laugh to all her entreaties. He said that he had enough money to provide her and there was no need of sending her for any job.

Dr. Rajan, though an honest and sincere worker at heart, was a chip of the old bloc and he still firmly held to those old conventions and traditions which were tottering at the dawn of a new era of freedom and democracy. He loved his wife passionatly, but he did not care for her inner feelings. Whenever she uttered them he dubbed them with a laugh.

Days and months rolled on; the doctor was busy at his work and spent most of his time at hospital Radha found her wearisome loneliness at home more and more intolerable. She did not get from her

# ദേവയാനി.

(തേറമ്പിൽ ശങ്കുണ്ണിമേനോൻ എം. എ)

(1)

അക്കളിർ പൊയ്കതൻ വക്കത്തായി
നില്പായാണോമലാളേകയായി
അന്തിയായ്, മന്ദമായ് വീശും കാററിൽ
ചെന്താമരപ്പൂവൊന്നാടിനിന്നു.
അപ്പോഴപ്പുഷ്പത്തിൽ നിന്നുമന്ദം
ഷട്പദമൊന്നു പറന്നുപൊങ്ങി.
ആയതുകണ്ടല്പം വെമ്പലാർന്നോ-
രായതലോചനയേവമോതി
"വണ്ടേ, ഹൃദയമില്ലാത്തവൻ നീ
പണ്ടേമുതൽക്കിതു സുപ്രസിദ്ധം.
തത്പദതാരിലായ് പ്രേമപൂര-
മർപ്പിച്ചിരിക്കുമിക്കാമുകിയെ
ഇട്ടെറിഞ്ഞെങ്ങോ പറന്നുപോകും
ദുഷ്ടൻ നീയല്ലാതെന്തോതിടട്ടെ!!
അല്ലെങ്കിലെങ്ങനെ വിശ്വസിക്കാം.........!"
തെല്ലൊന്നു തന്വിനടുങ്ങിപ്പോയി.

(2)

പിന്നിലായാരോ വരുന്നു മന്ദം
പൊന്നൊളിപൂണ്ട പുരുഷവേഷം
കാമുക, നല്ലെങ്കിൽ കാമിനിമാർ
കാമിക്കും കാമന്റെ കാന്തിയുള്ളോൻ
ആ മനോമോഹനൻ മന്ദമന്ദം
ആ മലർവാടി തൻ വക്കണഞ്ഞു.
വല്ലാത്ത ചിത്തത്തുടിപ്പുമുററും
തെല്ലിടക്കായാളെ മൂകനാക്കി.
പിന്നിൽ നടക്കുന്ന രംഗമൊന്നും
കന്യക കണ്ടില്ലറിഞ്ഞുമില്ല.
സുപ്രഭാതത്തിൽ താൻകണ്ട നല്ല
സ്വപ്നംമാഞ്ഞെങ്ങോ മറയുംപോലെ
വല്ലായ്മകൊണ്ടൊരാൾകണ്ണു, യെന്തെ-
ന്നില്ലാതെ ചിത്തം മഥിച്ചിടുമ്പോൾ
ഏതോ വിഷാദവിചാരമൊന്നിൽ
ചേതോഹരാംഗിയലിഞ്ഞിരുന്നു!

—

(എഴുതിവരുന്ന ലഘുകാവ്യത്തിൽനിന്ന്)

husband what she were long expecting. She found her life a drudgeryand the only moments of happiness she had, were those of the occasional meeting between herself and Venugopal. He inspired her with new hope and encouraged her to tour the surrounding parts of her home, study the developments taking place there and write reports and articles on these to the papers Though she did not do quite good at her first few attempts, she improved much with the help and encouragement of Mr. Venugopal. Engrossed in her new work, she went farther and farther from her husband and the relationship between the husband and wife grew more and more strained as the days passed. Radha frequented her meetings with Venugopal with whose help she could within a few months become a first rate journalist and thus realise the fulfilment of the long cherished desire of her heart. It was too late for the doctor to understand her real position, and one evening, on reaching home from the hospital, he found, to his utter dismay and grief, on his desk a letter from his wife, which spoke that she had left him for good and joined her destiny with Venugopal.

—

# மங்களம்.

அண்டமும் மகண்டமும் முற்றுமே நிறைந்து நிற்கும்
அண்டர் கோனென்னுள் சோதியாத்மமெச்றாயாம்சக்தி
பிண்டமென்றெண்ணும் மூடர், கண்டிடும் கதிரோன் தன்னை
கொண்டாடுவன் "களி" ச்செகற்றும் மங்களம் வாழ்த்திக்கொண்டேன்.
டாக்டர். கெ. கெ. ராமதாஸ்.

உயிர் எழுத்துகள்.

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| அ | ஆ | இ | ஈ | உ | ஊ | எ | ஏ | ஐ | ஒ | ஓ | ஔ |
| അ | ആ | ഇ | ഈ | ഉ | ഊ | എ | ഏ | ഐ | ഒ | ഓ | ഔ |

மெய் எழுத்துகள்.

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| க் | ங் | ச் | ஞ் | ட் | ண் | த் | ந் | ப் | ம் | ய் | ர் | ல் | வ் | ழ் | ள் | ற் | ன் |
| ക് | ങ് | ച് | ഞ് | ട് | ണ് | ത് | ന് | പ് | മ് | യ് | ര് | ല് | വ് | ഴ് | ള് | റ് | ന് |

வடமொழி எழுத்துகள்.

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| க | ங | ச | ஞ | ட | ண | த | ந | ப | ம | ய | ர | ல | வ | ழ | ள | ற | ன |
| ക | ങ | ച | ഞ | ട | ണ | ത | ന | പ | മ | യ | ര | ല | വ | ഴ | ള | റ | ന |

| | | | | |
|---|---|---|---|---|
| ஜ | ஸ | ஷ | க்ஷ | ஹ |
| ജ | സ | ഷ | ക്ഷ | ഹ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| க | ക | ங | ങ | ச | ച | ஞ | ഞ | ட | ട |
| கா | കാ | ஙா | ങാ | சா | ചാ | ஞா | ഞാ | டா | ടാ |
| கி | കി | ஙி | ങി | சி | ചി | ஞி | ഞി | டி | ടി |
| கீ | കീ | ஙீ | ങീ | சீ | ചീ | ஞீ | ഞീ | டீ | ടീ |
| கு | കു | ஙு | ങു | சு | ചു | ஞு | ഞു | டு | ടു |
| கூ | കൂ | ஙூ | ങൂ | சூ | ചൂ | ஞூ | ഞൂ | டூ | ടൂ |
| கெ | കെ | ஙெ | ങെ | செ | ചെ | ஞெ | ഞെ | டெ | ടെ |
| கே | കേ | ஙே | ങേ | சே | ചേ | ஞே | ഞേ | டே | ടേ |
| கை | കൈ | ஙை | ങൈ | சை | ചൈ | ஞை | ഞൈ | டை | ടൈ |
| கொ | കൊ | ஙொ | ങൊ | சொ | ചൊ | ஞொ | ഞൊ | டொ | ടൊ |
| கோ | കോ | ஙோ | ങോ | சோ | ചോ | ஞோ | ഞോ | டோ | ടോ |
| கௌ | കൌ | ஙௌ | ങൌ | சௌ | ചൌ | ஞௌ | ഞൌ | டௌ | ടൌ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ண | ണ | த | ത | ந | ന | ப | പ | ம | മ |
| ணா | ണാ | தா | താ | நா | നാ | பா | പാ | மா | മാ |
| ணி | ണി | தி | തി | நி | നി | பி | പി | மி | മി |
| ணீ | ണീ | தீ | തീ | நீ | നീ | பீ | പീ | மீ | മീ |
| ணு | ണു | து | തു | நு | നു | பு | പു | மு | മു |
| ணூ | ണൂ | தூ | തൂ | நூ | നൂ | பூ | പൂ | மூ | മൂ |
| ணெ | ണെ | தெ | തെ | நெ | നെ | பெ | പെ | மெ | മെ |
| ணே | ണേ | தே | തേ | நே | നേ | பே | പേ | மே | മേ |
| ணை | ണൈ | தை | തൈ | நை | നൈ | பை | പൈ | மை | മൈ |
| ணொ | ണൊ | தொ | തൊ | நொ | നൊ | பொ | പൊ | மொ | മൊ |
| ணோ | ണോ | தோ | തോ | நோ | നോ | போ | പോ | மோ | മോ |
| ணௌ | ണൌ | தௌ | തൌ | நௌ | നൌ | பௌ | പൌ | மௌ | മൌ |

சிவமயம்.

# ஜோதிடநூல்

செய்கைதான் ஏதென்றுக்கால் ஜன்ம ஆண்டு, மாசம், வாரம், பக்கம், தீதி, நக்ஷத்திரம், யோகம், கரணம், இலக்கினம் கிரகனிலை. தான் பிறந்த நேரம் முதலியவைகள் தெரிந்த பேர்கள், தெரியாத பேர்கள் வினைப்போகத்தினால் இல்வாழ்க்கையிலுழன்று இன்பதுன்பங்களை அனுபவிக்கும் பொருட்டே இத்தேகமெடுத்து வந்ததாம்.

ஆகையால் பிறந்த பேற்களுக்கு தங்களுடைய இன்பவாழ்க்கை அல்லது துன்பவாழ்க்கை முடிவு அறியுவதற்க்கு ஜாதகம் அவிசயமாம்.

## ஜனன லக்கினம் அறிய.

ஜனன சமயத்திர்க்கு காணப்பெட்ட சூரிய உதயாதி நாழிகை விநாழிகையிலிருந்து உதயால்பரம் நாழிகை வினாழிகைகள் தள்ளி மிச்சம் நாழிகை விநாழிகைகளிருந்து உதயராசிக்கு அடுத்திருக்கும் இராசி நாழிகை விநாழிகை வாங்கவேண்டியது. இவ்விதம் வாங்கியதில் இருந்து எந்த ராசியின் நாழிகை விநாழிகைகள் போகாமல் இருப்பேனோ அந்த ராசி ஜனன கால லக்கினமாம் மேர் கூறிய விதம் காணப்பெட்ட லக்கினம். ஒன்றாவது பாவம் இரண்டாம் ராசி. ரண்டாவது பாவம் மூன்றும் ராசி மூன்றாவதுபாவம். இவ்விதம் லக்கினம் முதல்கொண்டு பன்னிரண்டு ராசிகள் பன்னிரண்டு பாவங்கள் என்று அறியவும்.

### உதாகரணம்.

சித்திரை மீ 15. உ பகல் 10 மணி 25 நிமிஷத்தில் ஓர் ஜனனம் இந்த சமயத்திற்க்கு லக்கினம் காணுவோம்.

சித்திரை 15 உ I. S. T. சூரியோதயம் 6. 12. ஜனன சமயம் 10-25 ஜனன சமயம் 10-25ல் இருந்து சூரியோதய சமயம் 6-12 தள்ளி மிச்சம் 4-13. இதர்க்கு உதயாதிநாழிகை 10 விநாழிகை 32½ (15 உ உதயால்பரம் மேஷ ராசி நாழிகை 2 விநாழிகை 22) உதயாதி நாழிகை 10-32½ யில் இருந்து உதயால்ப்ரம் நாழிகை 2 வினாழிகை 22 தள்ளி மிச்சம் நாழிகை 8 விநாழிகை 10½ அதில் இருந்து அடுத்த ராசி ரிஷபத்தின் நாழிகை 5 விநாழிகை 7 தள்ளி மிச்சம் நாழிகை 3 விநாழிகை 3½. மிதுனம் ராசியில் 3 நாழிகை 3½ விநாழிகை செல்லுகிறது. ஆகையால் மிதுன லக்கினமென்று அறியவும்.

## இராசிப்படலம்.

| | | | |
|---|---|---|---|
| பூரோருட்டாதி ¼<br>உத்திரட்டாதி 1<br>ரேவதி 1<br>மீனம் | அசுவதி 1<br>பரணி 1<br>கார்த்திகை ¼<br>மேஷம் | கார்திகை ¾<br>ரோகிணி 1<br>மிருகசீர்ஷம் ½<br>ரிஷபம் | மிருகசீருஷம் ½<br>திருவாதிரை 1<br>புணர்பூசம் ¾<br>மிதுனம் |
| அவிட்டம் ½<br>சதயம் 1<br>பூருரட்டாதி ¾<br>கும்பம் | இருபத்தேழு நக்ஷத்திரமும்<br>பன்னிரண்டு இராசிகளில்<br>அடங்கிய விபரம். | | புணர்தம் ¼<br>பூசம் 1<br>ஆயில்யம் 1<br>கடகம் |
| உத்திராடம் ¾<br>திருவோணம் 1<br>அவிட்டம் ½<br>மகரம் | | | மகம் 1<br>பூரம் 1<br>உத்திரம் ¼<br>சிங்கம் |
| மூலம் 1<br>பூராடம் 1<br>உத்திராடம் ¼<br>தனுசு | விசாகம் ¼<br>அனுஷம் 1<br>கேட்டை 1<br>விருச்சிகம் | சித்திரை ½<br>சுவாதி 1<br>விசாகம் ¾<br>துலாம் | உத்திரம் ¾<br>அஸ்தம் 1<br>சித்திரை ½<br>கன்னி |

அசுவதியாதி இரண்டேகால் நக்ஷத்திரம் கூடிய மேஷாதிராசி காலபுருஷனுடைய அவயவங்களாம் அஃதெப்படியென்றால் அசுவதி, பரணி, கார்திகை கால் மேஷம். இவ்விதமாக இருபத்தேழு நக்ஷத்திரங்கள் பன்னிரண்டு ராசிகளில் அடங்குவது மேஷம்ராசி காலபுருஷனும் வயறு கன்னி கடிபிரதேசம் துலாம் நாடு. விருச்சிகம் லிங்கம் தனுசுதுடைரண்டு மகரம் முழங்கால் ரண்டு கும்பம் கணக்கால் ரண்டு மீனம் இரண்டு பாதங்களுமாம்.

## இராசி சொரூபம்.

மேஷம். ஆடாகும்-ரிஷபம். எருதாகும்-மிதுனம். ஆண்பெண் கூடியிருப்பதாம்-கடகம் நண்டாம். சிங்கம். சிங்கமாம்-கன்னி. பெண்ணாகும் துலாம். தராசு பிடித்திருப்பது போலாகும்-விருச்சிகம். தேளாகும்-தனுசு. வில்லுதரித்த புருடன் அரையின் கீழ் குதிரையுருவாம். மகரம் மான்தலையும் மீன் உடலுமாம். கும்பம் குடம்போலாம். மீனம் இரண்டு மீன்வால் தலை மாறியிருப்பதாம்.

## இராசிகள் சேருமிடம்.

மேஷம். மேஷாகாரமாம். ரிஷபம் ரிஷபாகாரமாம். கடகம் கற்க்கடாகாரமாம். சிங்கம் சிங்காரமாம். விருச்சிகம் விருச்சிகாரமாம். மேஷாதி சமஸ்தராசிகளும் தங்கள் தங்களுக்கு சஞ்சரிக்க கூடியவிடத்தில் சஞ்சரிப்பார்கள். இதர்க்கு ப்றயோசன மென்னவனில் சோரம்போன திரவியமிருக்கும் தானம் இந்த இராசிகள் சஞ்சரிக்கும் இடமென்பதாம்

## இராசியதி பதிகள்.

மேஷத்திற்கும் விருச்சிகத்திற்க்கும் அதிபதி செவ்வாய். இடபம் துலாத்திற்கு சுக்கிரன் அதிபதி. மிதுனம் கன்னிக்கு அதிபதி புதன். கடகத்தி

ற்கு அதிபதி சந்திரன். சிம்மத்திற்க்கு அதிபதி சூரியன். மகரம் கும்பத்தி ற்கு அதிபதி சனி. தனுசு மீனத்திற்க்கு அதிபதி குரு. இந்த விதமாக இரா சியாதிகளை சொல்லபட்டது.

## லக்ன நவாம்ச ராசிக்கு விபரம்.

மேஷம். சிங்கம், தனுசு, சென்ம லக்கினமானல் அந்தந்த இராசி நா டியை விநடியாக்கி ஒன்பது கூறு செய்தால் எந்த கூறு சென்மலக்கில் வருவதொ அந்த கூறை மேஷ முதலாக வெண்ண எந்த ராசியில் வருவ தொ அதுவெ நவாம்சவி லக்கினமாம். இந்த விதமாக ரிஷப கன்னி மகர த்திற்க்கு மகரமாதியாகவும் மிதுன துலா கும்பத்திற்க்கு துலாமாதியாகவும் கடக விருச்சிக மீனத்திற்க்கு கடகமாதியாகவுமெண்ணி நவாக்கிச லக்கி னமறிய வேண்டியது திரிகோண ராசிகளுக்கு சரராசியாதியாகத்தகன் நவாம்ச ராசியென்பதாம்.

## துவாதசாம்ச லக்ன விபரம்.

மேஷராசியை பாகையாக்கி பன்னிரண்டு பாகம் செய்யும்போது ஒரு பாகத்திற்கிரண்டரை பாகையாகும் முதலிண்டரை பாகை மேடம் இரண்டா வதிரண்ரரை பாகை ரிஷபம். மூன்ருவதிரண்டரை பாகம். மிதுனம் நாலா வதிரண்டரை பாகை கடகம் ஐந்தாவதிரண்டரை பகதை சிம்மம் ஆருவதிர ண்ரை பாகம் கன்னி. ஏழாவதிரண்டரை பாகை துலாம். எட்டாவரைண்ட ரை பாகை விருச்சிகம். ஒன்பதாவது இரண்டரை பாகை தனுசு. பத்தாவதி ரண்டரை பாகை மகரம். பதிஞராவதிரண்டரை பாகை கும்பம். பன்னிர ண்டாவதிரண்டரை மீனம். இந்த விதமாகவே மற்றபிராசிகள்கும் யூகிக்க வேண்டியதென்பதாம்.

## திரிம்சாதிபதி.

புருஷராசியென்னபட்டதும் ஒற்றை இராசியென்னப்பட்டதுமான மே ஷம், மிதுனம், சிம்மம், துலாம், தனுசு. கும்பம், இந்த ராசிகளை பாகை முப்ப தாக்கிகொண்டு செவ்வாய்க்கு ஐந்து பாகை சனிக்கு ஐந்து பாகை. குருவு க்கு எட்டு பாகை. புதனுக்கு ஏழு பாகை சுக்கறனிக்கு ஐந்து பாகை இவ்வி தமாக அறியவேண்டிய இரட்டை ராசியென்றும் ஸ்திரீ ராசியென்றும் சொல்லப்பட்ட ரிஷபம், கடகம், கன்னி, விருச்சிகம். மகரம், மீனம் இந்த ரா சிகளை முப்ப பாகையாக்கி முதல் சுக்றனுக்கு ஐந்து பாகை புதனுக்கு ஏழு பாகை. குருவுக்கு எட்டு பாகை. சனிக்கு ஐந்து பாகை. செவ்வாய்கு ஐந்து பாகை. இந்த விதமாக திரிம்சாம்சகாதிபதியை அறியவும்.

துடரும்.

Astrolger,
P. Balakrishna Kurup,
S/o Krishna Kurupu
Nadavarambu,
Irinjalakuda.

## ഹിന്ദി പാഠം No 1

### സ്വരങ്ങൾ

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| अ | आ | इ | | उ | ऊ | ऋ | ए | ऐ | ओ | औ | अं | अः |
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | എ | ഐ | ഒ | ഔ | അം | അഃ |

### വ്യഞ്ജനങ്ങൾ.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| क | ख | ग | घ | ङ | च | छ | ज | झ | ञ | ट | ठ | ड | ढ | ण |
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ | ട | ഠ | ഡ | ഢ | ണ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| त | थ | द | ध | न | प | फ | ब | भ | म | य | र | ल |
| ത | ഥ | ദ | ധ | ന | പ | ഫ | ബ | ഭ | മ | യ | ര | ല |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| व | श | ष | स | ह | क्ष | त्र | ज्ञ | ज़ | ड़ | फ़ |
| വ | ശ | ഷ | സ | ഹ | ക്ഷ | ത്ര | ജ്ഞ | ജ് | ഡ് | ഫ് |

കുറിപ്പ്:—

അ. ആ. ഇ. ഈ എന്നുള്ള അക്ഷരക്രമത്തിലാണ് സ്വരങ്ങൾ ചേർത്തിട്ടുള്ളത്. വ്യഞ്ജനങ്ങൾ ക. ഖ. ഗ. എന്ന ക്രമത്തിൽ ജ്ഞ വരെ 36 അക്ഷരങ്ങളാണുള്ളത്. പരാശ്രയം കൂടാതെ ഏവർക്കും പഠിക്കുവാനുള്ള ക്രമത്തെ ചുരുക്കി വിവരിക്കാം.

മേൽകാണിച്ച അക്ഷരങ്ങൾ ചുരുങ്ങിയത് പത്ത് പ്രാവശ്യം വീതം പറഞ്ഞെഴുതുക. അപ്പോൾ നിങ്ങൾക്ക് എളുപ്പത്തിൽ ഓരോ അക്ഷരങ്ങളും കേട്ട മാത്രയിൽ എഴുതാൻ സാധിക്കുന്നതാണ്. ഓരോ അക്ഷരത്തിന്റേയും മുകളിൽ കാണുന്ന '—' എന്ന ചിഹ്നം അക്ഷരം എഴുതിക്കഴിഞ്ഞതിനു ശേഷമേ ഇടാവൂ

ഈ ക്രമത്തിൽ നിങ്ങൾ എഴുതി നോക്കുക. അടുത്ത ലക്കത്തിൽ നമുക്ക് മറ്റു പാഠങ്ങൾ ഉഷാറായി പഠിക്കാം.

നാട്ടിൃകയൻ

# खून का मोल

(विद्वान; बी. के. बालन)

गाडी के आने केलिये अभी पाँच मिनिट और हैं। हम दोनों परेशानी से ट्रीच्यूर के फ्लाट फारम के एक सिरे से दूसरे सिरे तक धीरे धीरे टहलते ही रहे। कटी धूप थी। हमें ठीक दो बजे एरनाकुलम पहुँचना चाहिये था। बूढे, बच्चों लडके और लडकियाँ सभी वहाँ इधर उधर भटकते थे। कई मुरझाये हुए मुखडे मुझे दिखाई पडे। उनमें सभ्य और असभ्य हैं। इतने में मेरे दोस्त ने पूछा कि अजी! हम खायेंगे नहीं, भूख लगती है। मैं ने निश्चिन्तता से कहा "वहां जाकर खायें नहीं तो अब की गाडी नहीं मिलेगी"। मेरा जवाब उसको अच्छा न लगा। पेट में चूहा दौडना है, तब कौन किस की क्या सुनता ? हम थके हुए थे। मैं ने आशाभरी दृष्टि से आफीस की घटी में देखा। खेद! की बात! और तीन मिनिट भी वहाँ बिताना है। मैं ने सोचा हम कितना समय बेकार खोते हैं। तब तीन मिनिट केलिये भौहें चढाने का क्या मतलब! समय का मूल्य जान सका।

पोटर ने घटी बजाई। लोग सामान आमाना इकठा करने लगें सब के मुख में आनन्द की छाया छाई थी। मेरे दोस्त कही बैठ कर ऊब गये थे। जाकर उसे जनाया। "गाडी आयी, उठो जी"। हम अपने बिस्तर लेकर खडे हो गये। उस समय मेरे मन में कई भावनाऐं उमड पडीं। हम लोग उत्तर की ओर बकते रह गये। कुछ ही मिनिट में एक भारी आवाज़ सुनायी पडने लगी। झक! झक! की अवाज़ से गाडी पलाट फारम पर आ खडी हूई। हम गाडी के एक ओर से दूसरी ओर तक जलदी से तलाशि करते ऐसी एक डिब्बे में जा बैठे जहाँ यात्रीयों की भीड कम थी। गाडी हमें लेकर दक्खिन की ओर रवाना हूई। हमारी डिब्बे में एक लागर स्त्री थी हमारे साथ और तीन आदमी थे। तीनों बूढे और दूर से आने वाले हैं। उस बहिन की गोद में एक नन्हीं सी बच्ची थी। उसे वह अपनी आँचल से ओढाती थी। मुझे उस पर दया आयी। उसकी आँखें धँस गयी थीं। उसे देखने ही मालूम हुआ कि कोई निराशा उस में छिपी हुई है। मैं ने अवरूध कण्ठ से पूछा की बहिन! कहाँ जाओगी और किधर से आती हो ? यह सुनते ही उसकी आँखों में आँसू भर आया। उसको न मालूम था क्या कहना चाहिए। मेरा कलेजा टुकडा टुकडा होगया। मैं ने अपनी जिन्दगी में ऐसे आँसू को न देखा था। मैं अपने मन की शरारत पर लज्जित हो गया। गाडी उसे उधर उधर हियाया करती थी। ऐसा मालूम होता था मानों मेरे सामने उसको अपने मन की बात कहने केलीये उत्तेजना करनी हो! उसने तुरन्त कहा की भय्या! क्या कहूँ ? इस दुनियाँ से मेरा कोई नाता नहीं। मैं सिर्फ इस बच्ची के लिये जीती हूँ। यह कह कर उसने आँचल से आँखें पोंछीं उस समय मेरे मन में ऐसा दर्द मालूम हुआ कि मानों! एक घूँसा लग गया हो। मेरा दोस्त उस समय गाडी से बाहर आँककर प्रकृत का सुन्दरता पर लीन था। हाँ, दुनियाँ एक रंग भूमि है।

वह बच्ची! हाय! उसके पिता है या नहीं ? कौन जाने। पिता के न होने से यह पैदा ही हुआ कैसे ? तब ? मेरे पेट में एक भारी हलचल मची, निश्चित स्थान पर पहुँचने केलिये और पौने दो घंटे हैं। हम प्यास और भूख से बेचैन थे कि गाडी अँकमाली स्टेशन पर पहुँची। निराशा की बात! ढूँढने पर भी एक गिलास पानी न मिला।

खैर, हम ने पंप में जाकर पानी पिया। मेरी नज़र और भी जादू के असर के जैसे उस स्त्री पर पडी स्त्री ने आँचल से एक रूपये का पुराना नोट निकाल कर कहा कि भैय्या, यही मेरी ज़िन्दगी भर की कमाई है! और दूसरा कुछ नहीं। सुनियेगा, मेरी अजीब कहानी। वह रोती आवाज से कहने लगी — 'मेरे एक पति थे। वह एक कंपनी में काम करते थे। सुना एक दिन.........क्या कहूँ? अचानक यंत्र के पहिये से पिसकर मर गये, मैं एक गरीबिन हूँ। उस समय मैं हामिला थी। इस घटना को सुनकर मैं ने इस ज़िन्दगी से हाथ धो बैठने का निश्चय किया। पर, एक बुढी की दर्द से इस बच्ची को जन्म दिया।

यह सुनकर मुझे रोमांच हुआ, मैं पूछ बैठा, बाद क्या हुआ, बहिन?

हाँ, मैं इस लाल को लेकर मानेजर के यहाँ गयी जो मेरे पति का मालिक था। मैं ने मेरी बिगडी हालत को उसके सामने बयान किया। पूछ ताछ के बाद उन्हों ने मुझे यही एक पुराना नोट दिया। मेरे मन ने कहा कि फेंक दो उसको" लेकिन मातृत्व ने मुझे ऐसी धृष्टता करने न दिया। अब कोई राह नहीं सूझती। योंही चलती फिरती हूँ। न कोई घर है न मदद करने वाला है। भगवान जाने किस दिन तक मैं यों चलूँगी।'

मेरे मन ने कहा कि देखो खून का मोल है यह एक रूपया उसकी परेशानी को देख कर मैं ने सोचा कि क्यों इस संसार में आग न लेगा दूँ। इतनी नीचता और बदमाशी। उसका पति दूसरों के तोंद बढाने केलिये हड्डी पीसी। अन्त में उन्हीं केलिए मर गया। यह किस दुनियाँ की नीती है? न जाने उस समय मेरी भूख कहाँ चली।

गाडी एरनाकुलम स्टेशन पर बडी भीभत्सता की आवाज के साथ पहुँची। हम दोनों गाडी से उतरे। मैं ने दोस्त से पूछा भाई रूपया है आप के पास? उसने तुरन्त कहा कि पाँच पाँच के नोट हैं। नोट! नोट! मैं ने दोस्त के जवाब पर झुँझलाकर अपनी जेब टटोली। कुल चौदह आने थे। मैं ने उस से कहा कि बहिन! ये लो चौदह आने। वह आँसू भरी दृष्टि से मेरी ओर ताकती रही।

## नया जीवन

(विद्वान ई. माधवन नायर रा. भा. विशारद)

१. पुलकित करती आँगण मेरा
सुललित-नूपर-शिञ्जित-सारा
आयी है तू, भाग्य करारा
पायी नूतन जीवन-धारा॥

२. रूखी-सूखी हड्डियों में
मज्जा डाला; प्राण बदन में
हाय, मुरझाये तत दिलों में
जान फूँक दी है, आशाओं में॥

३. नाचती प्रकृति सुन्दर वेषा
सामने मेरे शोभन भूषा
हाथ आयी है चिर अभिलाषा
जाहिर कर दूँ किस से भाषा?

४. करता हूँ मैं स्वागत महमान
तूने दिया है भावुक वर दान
तृप्त रह, कर प्रेम का जलपान
विनय यही है, सेवक निर्धन॥

# ഗ്രന്ഥവീഥി.

## ജാതകൈക്യം.

വ്യാഖ്യാനം, ജ്യോത്സ്യൻ പി. ബാലകൃഷ്ണക്കുറുപ്പ്, നടുവരമ്പ്.

വന്ദെ ഭക്തസുരാഭിവന്ദിതപദാം
വന്ദെ ജഗന്മോഹിനീം
വന്ദെ ശ്രീ ലളിതാംബികാം ഹരിഹര
ബ്രഹ്മാദിഭിഃ പൂജിതാം
വിദ്യാവാദകലാവിനോദരസികാ-
മർദ്ധേന്ദുചൂഡാംശിവാം
വന്ദെ ശ്രീ പരദേവതാം ഭഗവതീം
ശ്രീ രാജരാജേശ്വരീം.

സ്പഷ്ടാർത്ഥ:
ഏവംവ്യാഖ്യാതൃമംഗളം.

ഗ്രന്ഥാരംഭ:

ബ്രഹ്മാസൂര്യ്യോ വസിഷ്ഠോത്രിർമ്മനു: പൌലസ്ത്യരോമശൌ
മരീചിരംഗിരോവ്യാസ: നാരദ: ശൌനകോഭൃഗു:
ച്യവനൊയവനൊ ഗർഗ്ഗ: കാശ്യപശ്ച പരാശര:
അഷ്ടാദശൈതെ ഗംഭീരാ: ജ്യോതിശ്ശാസ്ത്രപ്രവർത്തകാ: 1

സാരം: ജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളവരിൽ പ്രധാനികൾ പതിനെട്ടു് പേരാകുന്നു. 1. ബ്രഹ്മാവ്. 2. സൂര്യ്യ. 3. വസിഷ്ഠൻ. 4. അത്രി. 5. മനു. 6. പൌലസ്ത്യൻ. 7. രോമശൻ. 8. മരീചി. 9. അംഗിരസ്സ്. 10 വ്യാസൻ. 11. നാരദൻ. 12. ശൌനകൻ. 13. ഭൃഗു. 14. ച്യവനൻ. 15. യവന. 16. ഗർഗ്ഗ 17. കാശ്യപൻ. 18. പരാശരൻ എന്നിവരാകുന്നു.

വരാഹമിഹിരാചാര്യ്യ:
ശ്രീപതി: സത്യഭാസ്കരൌ
ലല്ലസൂരി: ബ്രഹ്മഗുപ്തൌ
വൈദ്യനാഥശ്ചരേണുക:
ഏഷാം ശാസ്ത്രാണിസംവീക്ഷ്യ
സാരമാദായയതാത: 2

സാരം: 'വരാഹമിഹിരാചാര്യ്യൻ, ശ്രീപതി സത്യാചാര്യ്യൻ, ഭാസ്കരാചാര്യ്യൻ, ലല്ലൻ, സൂരി, ബ്രഹ്മഗുപ്തൻ, വൈദ്യനാഥൻ, രേണുകൻ എന്നീ ആചാര്യ്യന്മാർ, ബ്രഹ്മാവ് തുടങ്ങിയ പതിനെട്ടാചാര്യ്യന്മാർ നിർമ്മിച്ചിട്ടുള്ള ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിൽനിന്നും സാരാംശങ്ങളെ ഗ്രഹിച്ചു് ഗ്രന്ഥനിർമ്മാണം ചെയ്തിട്ടുള്ളവരാണു്.

ബ്രഹ്മാ പ്രാഹ ച നാരദായ ഹിമഗുഃ ശൌനകായാമലം
മാണ്ഡവ്യായ വസിഷ്ഠ സംജ്ഞമുനിഃ സൂര്യോ മയായാഹയൻ
പ്രത്യക്ഷാഗമ യുക്തിശാലി തദിദം ശാസ്ത്രം വിഹായാന്യഥാ
യത്കുർവ്വന്തി നരാധമാസ്സദസദ്വേദോക്തി ശൂന്യാവ്രതം. 3

സാരം: ജ്യോതിശ്ശാസ്ത്രത്തെ ബ്രഹ്മാവ് നാരദനായിക്കൊണ്ടും ചന്ദ്രൻ ശൌനകനായിക്കൊണ്ടും വസിഷ്ഠൻ മാണ്ഡവ്യനായിക്കൊണ്ടും സൂര്യൻ മയനായിക്കൊണ്ടും ഉപദേശിച്ചുവൊ പ്രത്യക്ഷങ്ങളായ ആഗമയുക്തികളടങ്ങിയ ഈ ശാസ്ത്രത്തെ പഠിക്കാതെ നല്ലതും തീയതും അടങ്ങിയ വേദോക്തികളെ അറിയാത്ത നരന്മാർ എന്തുചെയ്യുന്നു.

സ്കന്ധത്രയാത്മകം ശാസ്ത്രമാദ്യം സിദ്ധാന്ത സംജ്ഞകം
ദ്വിതീയം ജാതകം സ്കന്ധം തൃതീയം സംഹിതാഹ്വയം. 4

സാരം: ജ്യോതിശ്ശാസ്ത്രമെന്നത് സിദ്ധാന്തം ജാതകം (ഹോര) സംഹിതാ എന്നീ സ്കന്ധങ്ങളോടുകൂടിയതുമാകുന്നു.

ത്രിസ്കന്ധജ്ഞോദർശനീയഃ ശ്രൌതസ്മാർത്ത ക്രിയാപരഃ
നിർദ്ദാംഭികഃ സത്യവാദീ ദൈവജ്ഞോ ദൈവവിൽസ്ഥിരഃ 5

സാരം: ദൈവജ്ഞൻ സിദ്ധാന്തം ഹോരാസംഹിതാ എന്നിവകളിൽ ജ്ഞാനിയും ദർശനീയനും (സുഭഗൻ) ശ്രുതിസ്മൃതികൾ അനുസരിച്ച പ്രവൃത്തികളോടുകൂടിയവനും ധർമ്മകർമ്മാദികളിൽ താല്പര്യത്തോടുകൂടിയവനും അസത്യം പറയാത്തവനും സ്ഥിരചിത്തനും മററു ഗുണങ്ങളോടുകൂടിയവനും ആയിരിക്കണം.

ശാന്തോവിനീതഃ ശുദ്ധാത്മാ ദേവബ്രാഹ്മണപൂജകഃ
വിമുഖഃ പരനിന്ദാസു വേദപാഠീജിതേന്ദ്രിയഃ 6

സാരം: ജോത്സ്യൻ ശാന്തസ്വഭാവിയും വിനയത്തോടുകൂടിയവനും ആത്മശുദ്ധിയുള്ളവനും ദേവബ്രാഹ്മണ പൂജകളിൽ തല്പരനും പരനിന്ദകളിൽ വിമുഖനും വേദപഠനതല്പരനും ഇന്ദ്രിയജയത്തോടുകൂടിയവനും ആയിരിക്കണം.

പ്രശ്നജ്ഞശ്ച ശകുനജ്ഞശ്ച പ്രശസ്തോ ഗണകസ്മൃതഃ
പ്രമാണം വചനം തസ്യ ഭവത്യേവ നസംശയഃ 7

സാരം: ദൈവജ്ഞൻ പ്രശ്നം ശകുനം എന്നിവകളിൽ ജ്ഞാനിയും ഗണിതത്തിൽ പ്രശസ്തനും ആയിരിക്കണം അങ്ങിനെയിരിക്കുന്നവൻ യാവനൊരുത്തനൊ അദ്ദേഹത്തിന്റെ വചനംതന്നെ പ്രമാണമായിരിക്കുമെന്നതിന്ന് സംശയമില്ല.

മേൽ കാണിച്ചവിധം ലക്ഷണയുക്തനും ശാസ്ത്രജ്ഞാനിയും ആയിരിക്കുന്ന ജ്യോതിഷക്കാരന്റെ അടുക്കൽ ചെന്ന് ശക്ത്യാനുസരണം പ്രാഭൃതദ്രവ്യങ്ങൾ കൊടുത്ത് സന്തോഷിപ്പിച്ച് സ്ത്രീപുരുഷന്മാരുടെ നാമനക്ഷത്രങ്ങൾ ജ്യോതിഷക്കാരനെ വഴിപോലെ ധരിപ്പിച്ച് ഇവർ തമ്മിൽ വിവാഹം നടത്തുന്നത് ശുഭമൊ അശുഭമൊ എന്ന് ഭക്തിയോടുകൂടി ചോദിച്ചറിഞ്ഞ് ദൈവത്തിന്റെ നിശ്ചയാനുസരണം പ്രവർത്തിക്കണം.

വിവാഹസമയെ കാലെ സുഖാസീനം ശുഭംപ്രിയം
ദൈവജ്ഞം ഭക്തിതൊനത്വാ സംപൂജ്യാ ദൌയഥാബലം
ഉഢുനി നാമനി ചോക്ത്വാ സംപൃഛോൽ സകൃദേവതം
ജ്ഞാനിചാസ്യാക്ഷരം ജ്ഞാത്വാലഗ്നം തൽക്കാലസംഭവം 8

എന്നു് ബൃഹസ്പതി വചനവും കാണുന്നു.

അനന്തരം ജ്യോതിഷക്കാരൻ പ്രശ്നാക്ഷരങ്ങളേയും തല്ക്കാലജങ്ങളായ നിമിത്തങ്ങളേയും നക്ഷത്രപൊരുത്തം മുതലായവകളേയും ഗ്രഹനിലകളെകൊണ്ടു് പാപസാമ്യത്തേയും ദശാസന്ധി മുതലായവകളേയും നല്ലവണ്ണം ചിന്തിച്ചറിഞ്ഞ്. ഗുണദോഷഫലങ്ങൾ പറഞ്ഞുകൊടുക്കണം.

കന്യായാഃ പുരുഷസ്യ ച പ്രഥമതൊ നിർണ്ണീയചായുഃ പുനഃ
സന്താനാദി തഥേതരശ്ച സകലം ദൈവജ്ഞവര്യ്യ സ്തതഃ
ഭാവിപ്രശ്നവിലഗ്നതൊപി നിഖിലം പാണിഗ്രഹം കാരയേ-
ത്സന്താനായയതഃ പ്രയാതിനി തരാംപ്രീതിഃ പിതൃണാംഗണഃ 9

സാരം: ദൈവജ്ഞൻ ആദ്യമായിട്ടു് സ്ത്രീപുരുഷന്മാരുടെ ജാതകവശാലും വിവാഹപ്രശ്നവശാലും ആയുസ്സിനെ നിരൂപിച്ചതിന്നു് ശേഷം സന്തതി സമ്പത്തു മുതലായവകളും ഭാവിയിങ്കൽ ദമ്പതികൾ അനുഭവിക്കാവുന്ന ഗുണദോഷങ്ങളും നിരൂപിച്ചറിഞ്ഞു് വിവാഹം നടത്തിക്കണം. ആയുസ്സ് സന്തതിക്കുവേണ്ടി അത്യാവശ്യമാകുന്നു. പിതൃക്കൾക്കെല്ലാം സന്തതിനിമിത്തമാണു് ഏററവും പ്രീതിയുണ്ടാകുന്നത് തിലഹോമം ബ്രാഹ്മണഭോജനം എന്നിവകളാൽ പിതൃപ്രീതിയുണ്ടാകുമെങ്കിലും സന്തതികൊണ്ടുള്ള പിതൃപ്രീതിയാണു് വലിയതെന്നു് സ്മൃതികൾ ഘോഷിക്കുന്നു.

വധൂവരസ്യാ പ്യുഡുനാമചോക്ത്വാ
പ്രശ്നസ്തഥാ പ്യേഷവധൂപ്രധാനഃ
ലഗ്നാത്തതോസ്യാ മനുതശ്ചപത്യുഃ
വാച്യംഹിലക്ഷ്മഹഗുരുസ്തഥാഹ: 10

സാരം: വിവാഹപ്രശ്നത്തിങ്കൽ വധൂവരന്മാരുടെ പേരും നാളും ഒരുപോലെ പറഞ്ഞിട്ടാണു് പ്രശ്നം വയ്ക്കുന്നത് എന്നിരുന്നാലും ഈ വിഷയത്തിൽ വധുവിന്നാണു് പ്രാധാന്യം കല്പിക്കുന്നത് അതുകൊണ്ടു് ലഗ്നത്തിൽനിന്നു് വധുവിൻേറയും ഏഴാം ഭാവത്തിങ്കൽനിന്നു് വരൻേറയും ഗുണദോഷങ്ങളേയും ലക്ഷണങ്ങളേയും നിരൂപിക്കണം ഇതിന്നു് ബൃഹസ്പതി വചനവും കാണുന്നുണ്ടു. ആയതു് താഴെ ചേർക്കുന്നു.

ഏവം ഭർത്തൃസ്വഭാവാദി വയോഗുണസുഖാദയഃ
സപ്തമർക്ഷാൽ ഭവന്ത്യേവം ലഗ്നാൽകന്യാ ഗുണാദയഃ 11

സാരം: വിവാഹപ്രശ്നത്തിങ്കൽ വരൻെറ വയസ്സ് സ്വഭാവഗുണം മുതലായവകൾ ഏഴാം ഭാവംകൊണ്ടു് അപ്രകാരംതന്നെ കന്യകയുടെ വയസ്സ് സ്വഭാവഗുണം മുതലായവകൾ ലഗ്നത്തിങ്കൽനിന്നും വിചാരിക്കേണ്ടതാകുന്നു. ഇവിടെ ഒന്നാമത്തെ ഏവം എന്ന ശബ്ദം പൂർവ്വോക്തഹേതു പരാമർശകമാകുന്നു.

(എഴുതിവരുന്ന ജാതകൈക്യത്തിൽനിന്നു്)